# അദ്ധ്യായം 6

# പാപത്തെ ഒഴിവാക്കൽ

ജാതികളുടെ അപ്പൊസ്തലനായ പൗലൊസ്, ഒരു ഉപദേഷ്ടാവ് ആയിരുന്നു അല്ലാതെ തത്വജ്ഞാനി ആയിരുന്നില്ല. 1 കൊരിന്ത്യ ലേഖനത്തിൽ, അവൻ സുവിശേഷത്തിന്റെ വേദശാസ്ത്രമാണ് അവതരിപ്പിക്കുന്നത്, അൽപം വിശദീകരിക്കയും ചെയ്തിരിക്കുന്നു. കൊരിന്ത്യ സഭയിലെ പലർക്കും അന്യദേവന്മാര നമസ്ക്കരിക്കുന്ന സമൂഹത്തെ കുറിച്ച് നല്ല അറിവുള്ളവരായിരുന്നു. അവരല്ലാവരും പ്രായോഗികമായി സ്വന്തം കാര്യം നോക്കി ജീവിക്കുന്നവവരായിരുന്നു. പൗലൊസിന്റെ വായനക്കാരിൽ മിക്കപേരുടേയും ഗ്രീക്കു-സമുഹവുമായി താരതമ്യം ചയ്താൽ, താഴ്ന്ന നിലവാരതത്തിലുള്ളവരായിരുന്നു എന്നു കാണാം, നിലനിൽപിന് അവർ കഠിനാദ്ധ്വാനം ചയ്തിരുന്നു. അവർക്ക് കുറച്ച് സമൃദ്ധി ഉണ്ടായിരുന്നു. അവർക്കു ചുറ്റുമുള്ള റോമാ ലോകത്തില താത്വികവും സാങ്കേതികവുമായ കാര്യങ്ങളൊന്നും അവര അധികം സ്വാധീനിച്ചിരുന്നില്ല. ഏക സത്യ ദൈവം തന്റെ പുത്രനെ പാപികളെ വീണ്ടടുക്കുവാൻ അയച്ചതായ സന്ദേശം കേട്ട് അനുസരിച്ചവരായിരുന്നു അവർ. അവരുടെ ജീവിതത്തിൽ സുവിശേഷം അനുസരിച്ചത് പ്രധാനപ്പെട്ട ഒരു തുടക്കമായിരുന്നു.

കൊരിന്തിൽ ക്രിസ്തുവിലായി തീർന്നവർ പല ക്രമീകരണങ്ങളും വരുത്തണമായിരുന്നു. അവർ ദൈവത്തിന്റെ സ്വഭാവ സവിശേഷത മനസിലാക്കുന്നതോടൊപ്പം, അന്യോന്യം അവർ എങ്ങനെ ഇടപെടുകയും പെരുമാറുകയും വേണമെന്നും തിരിച്ചറിയണമായിരുന്നു. തന്റെ സഹവിശ്വാസികളായ അവിടത്തെ ക്രിസ്ത്യാനികൾ മന്ദഗതിയിലാണ് വളർന്നത് എന്ന കാര്യം പൗലൊസിനെ നിരുൽസാഹപ്പെടുത്തിയതായി നമുക്ക് 1 കൊരിന്ത്യ ലേഖനത്തിൽ കാണാം. അവരുടെ വളർച്ച തങ്ങൾക്ക് ഇഷ്ടപ്പെട്ട ഉപദേഷ്ടാക്കന്മാരോട് പ്രീതി പുലർത്തുന്ന രീതിയിലായി പോയി. അവർ വിഭാഗീയത വളർത്തി അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരെ പോലെയായി, അങ്ങനെ വാസ്തവത്തിലുള്ള ഉപദേശങ്ങളെ മാറ്റി സ്വാർത്ഥ താൽപര്യങ്ങൾ ഉയർത്തുവാൻ തുടങ്ങി. ക്രിസ്തീയ സമൂഹത്തിന്റെ ഐക്യത ഇല്ലാതാക്കി, സഹോദരപ്രീതിക്ക് പകരം സ്വന്ത താൽപര്യങ്ങൾക്ക് അവർ ഊന്നൽ കൊടുത്തു.

### സഹ ക്രിസ്ത്യാനികളോട്
### വ്യവഹാരം ഒഴിവാക്കൽ (6:1-11)[1]

വിശ്വാസികൾ ഉപദേഷ്ടാക്കന്മാരുടെ പേരുകൾ വലിച്ചിഴച്ച് സംഘം ചേരുമ്പോൾ, അത് ദൈവഭക്തിയുള്ള ജീവിതത്തിന് ഭീഷണിയാകുന്നു. ഈ സഭ അവരുടെ പഴയ ജീവിത രീതി ഉപേക്ഷിച്ച് പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുവാനായി രണ്ടു കാര്യങ്ങളാണ് ചിത്രീകരിച്ചിരിക്കുന്നത്. (1) അവർക്കിടയിലെ ഒരാൾ തന്റെ അപ്പന്റെ ഭാര്യയുമായി ജീവിക്കുന്നതിനെ കൊരിന്ത്യ സഭ സഹിക്കുകയായിരുന്നു. (2) സഹോദരങ്ങൾ തമ്മിലുള്ള നിയമപരമായ വ്യത്യാസങ്ങൾ അവർ അവിശ്വാസികൾ കൈകാര്യം ചെയ്യുന്ന കോടതിയി

ലേക്ക് കൊണ്ടുപോയി.

കൊരിന്ത്യ സഭയിൽ ഉടലെടുത്ത അതേ രീതിയിലുള്ള പ്രശ്നങ്ങൾ പുരാതന സഭകളിലോ ഇന്നത്തെ ആധുനിക സഭകളിലോ കാണപ്പെടുന്നില്ല. ഇന്നു സഭകളിൽ ഉത്ഭവിക്കുന്ന സഹജമായ ഏതു പ്രശ്നങ്ങളും പരിഹരിക്കകുവാൻ പൗലൊസിന്റെ നിർദ്ദേശങ്ങൾ എടുക്കാവുന്നതാണ്. അതേ രീതിയിലുള്ള പ്രശ്നങ്ങൾ നേരിടുമ്പോൾ, ആ തത്വം നമുക്ക് പ്രയോഗിക്കകാവുന്നതാണ്.പുതിയ ക്രിസ്തീയ ഉപദേശവും, ധാർമ്മികതയും പഴയ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ ജീവിതവും തമ്മിലുള്ള ഒരു സമ്മർദ്ദം പൗലൊസിന് നന്നായി മനസിലാക്കുവാൻ കഴിഞ്ഞു. ക്രിസ്ത്യാനികൾ വ്യത്യസ്തരാണെന്ന അവരുടെ ജീവിതത്താൽ തെളിയിക്കണമായിരുന്നു. ആ മാതൃക എവിടെയും എക്കാലത്തുമുള്ള ക്രിസ്ത്യാനികൾക്ക് അനുകരിക്കാവുന്നതതാണ്.

### വിശുദ്ധന്മാർ ലോകത്തെ വിധിക്കും (6:1-3)

**[1]നിങ്ങളിൽ ഒരുത്തന്ന് മറ്റൊരുത്തനോട് ഒരു കാര്യം ഉണ്ടെങ്കിൽ വിശുദ്ധന്മാരുടെ മുമ്പാകെ അല്ല, അഭക്തന്മാരുടെ മുമ്പിൽ വ്യവഹാരത്തിന് പോകുവാൻ തുനിയുന്നുവോ? [2]വിശുദ്ധന്മാർ ലോകത്തെ വിധിക്കും ന്ന് അറിയുന്നില്ലയോ? ലോകത്തെ നിങ്ങൾ വിധിക്കുമെങ്കിൽ ഏറ്റവും ചെറിയ സംഗതികളെ വിധിപ്പാൻ നിങ്ങൾ അയോഗ്യരോ? [3]നാം ദതന്മാരെ വിധിക്കും എന്ന് നിങ്ങൾ അറിയുന്നില്ലയോ?**

**വാക്യം 1.** ക്രിസ്ത്യാനിയായ ഒരു സഹോദരൻ തന്റെ അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്നു എന്നു കേട്ടത് വിശ്വസിക്കുവാൻ കഴിയാതിരുന്നതുപോലെ സഹോദരൻ സഹോദരനെതിരെ വ്യവഹാരവുമായി കോടതി കയറുന്നു എന്നു കേട്ടതും പൗലൊസിന് അവിശ്വസനിയമായി തോന്നി. മുൻപ് അവൻ എഴുതി, "നിങ്ങളുടെ ഇടയിൽ ദുർന്നടപ്പ് ഉണ്ടെന്ന് കേൾക്കുന്നു ..." (5:1); അവിടെ അവൻ ചോദിച്ചു, "**നിങ്ങളിൽ ഒരാൾ മറ്റൊരാൾക്കതിരെ വ്യവഹാരത്തിന് തുനിയുന്നുവോ ... ?**" അപ്പൊസ്തലൻ അതിശയിച്ചുപോയി. ക്രിസ്തുവിലുള്ള സാമൂഹ്യ ജീവിതത്തിന്റെ അടിസ്ഥാനം തന്നെ ആ ക്രിസ്ത്യാനികൾ മറന്നു പോയോ? സഭയിലെ ഒരാൾ അവന്റെ അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്നത് കണ്ടില്ലെന്ന് നടിച്ചതുപോലെ, സഭയുടെ സാമൂഹ്യകടപ്പാടും അവർ ഒഴിവാക്കുകയായിരുന്നു. സഭയുടെ അച്ചടക്കത്തിന്, അംഗങ്ങൾ വിധിക്കുന്നതിന് നന്മയും തിന്മയും വിവേചിച്ചറിയണം.

> കൊരിന്ത്യസഭ തെറ്റായ പ്രവൃത്തിയെ വിധിക്കാതിരിക്കുക മാത്രമല്ല; സഹോദരങ്ങൾക്കിടയിൽ പ്രകടമായ അഭിപ്രായ വ്യത്യാസങ്ങളും, വാദങ്ങളും ഉയർന്നിരുന്നു, പരിഹാരത്തിനായി അവർ സഭക്ക് പുറത്തുള്ള ഒരുപക്ഷെ കോളനിയിലെ മജിസ്ട്രേറ്റിന്റെ അടുക്കലേക്ക് ആയിരിക്കാം പരാതിയുമായി പോയത് (6:1-11).[2]

ഒരാൾ തന്റെ അപ്പന്റെ ഭാര്യയുമായി ദുർന്നടപ്പിൽ ജീവിക്കുന്നു എന്നും സഹോദരങ്ങൾ തമ്മിൽ വ്യവഹാരത്തിനു കോടതി കയറുന്നു എന്നും കേട്ടപ്പോൾ പൗലൊസിന് അതിനോട് പ്രതികരിക്കാതിരിപ്പാൻ കഴിഞ്ഞില്ല. സ്തെഫനൊസും, ഫൊർത്തുനാതൊസും, അഖായിക്കൊസും സഭയിൽ നിന്നു

കൊണ്ടുവന്ന എഴുത്തിൽ അതില്ലായിരുന്നു (16:17; 7:1). അവന് ലഭിച്ച വിവരത്തിന്റെ ഉറവിടം ക്ലോവയുടെ ആളുകൾ ആയിരിക്കാം (1:11). ക്രമ വിരുദ്ധമായി നടക്കുന്ന സഹോദരങ്ങളെ അച്ചടക്കം വരുത്തണമെന്ന് പറഞ്ഞു വരുന്നതിന്റെ പശ്ചാത്തലം, 6:12-20 ദുർന്നടപ്പ് എന്ന വിഷയമാണ്.

എ. ഡി. 50 ലെ കൊരിന്ത്യസഭയിലുണ്ടായിരുന്ന അംഗസംഖ്യ തിട്ടപ്പെടുത്തുക പ്രയാസമാണ്. സഭ ചിലപ്പോൾ ഗായൊസിന്റെ വീട്ടിൽ കൂടി വന്നിരുന്നതിനാൽ, അംഗസംഖ്യ വലുതായിരിക്കുവാൻ സാധ്യതയില്ല (റോമ. 16:23). ആ സമൂഹത്തിൽ അമ്പതോ, അല്ലെങ്കിൽ നൂറോ പേർ അംഗങ്ങളായി തീർന്നിരിക്കാം. വിശ്വാസിക്ക് എതിരെ ഒരു വിശ്വാസി കേസുമായി പോകുന്നത് പതിവില്ലാത്തതായിരുന്നു. ഒരുപക്ഷെ അപ്പൊസ്തലന്റെ മനസിൽ ചില പ്രത്യേക സംഭവമായിരിക്കാം വന്നത്. സാമ്പത്തികമോ, അല്ലെങ്കിൽ വസ്തു തർക്കമോ മറ്റും ഉണ്ടാകുമ്പോൾ, ആളുകൾ സാധാരണ പടണത്തിലെ കോടതിയിലേക്കു പോകും. ഇവിടെ പൗ സിന് ധാർമ്മിക രോഷം കൊള്ളുവാൻ രണ്ട് കാരണങ്ങളാണ് കാണുന്നത്. യെഹുദന്മാർക്കിടയിലേയും, ജാതികൾക്കിടയിലേയും കോടതി കാര്യങ്ങളിലെല്ലാം അഴിമതി നിറഞ്ഞിരിക്കുന്നു. റോമാ ഭരണകാലത്തു പോലും, യെഹൂദ്യയിലെ യെഹൂദന്മാർക്ക് നീതി നിഷേധിച്ചിരുന്നതായി പൗലൊസിന് അറിയാമായിരുന്നു.

**അനീതിയുള്ള** (*ഹോയി അഡികോയി*) **കോടതിയിലേക്ക് കേസുമായി** പോകുന്നതിനെ പൗലൊസ് പരാതിപ്പെട്ടപ്പോൾ, 6:1 ൽ അവൻ റോമാലോകത്ത് നടക്കുന്ന അനീതി മാത്രമായിരുന്നില്ല അവൻ മനസിൽ. അക്കാലത്ത് കോടതികളെ നിയന്ത്രിച്ചിരുന്നത് ധനവാന്മാർ ആയിരുന്നു; നിഷ്പ്പക്ഷമായ നീതി നടപ്പാക്കുന്ന വ്യവസ്ഥയായിരുന്നില്ല അത്. ദരിദ്രരായവർ പലപ്പോഴും കോടതിയിൽ പോകാറില്ല; പോയാൽ തന്നെ അവർക്ക് ന്യായമായ വിചാരണയോ നീതിയോ ലഭിക്കാറുമില്ല. ഡേവിഡ് ഈ. ഗാർലന്റ് ഈ വിലയിരുത്തൽ നടത്തിയിരിക്കുന്നു: “അക്കാലത്തെ ആഭ്യന്തര കോടതികളിലെല്ലാം നിഷ്പ്പക്ഷതയിൽ കുറഞ്ഞ നീതിനിർവ്വഹണമായിരുന്നു നടന്നിരുന്നത്, കൂടാതെ മിക്കവാറും എല്ലാ കോടതികളിലും അഴിമതി വാണിരുന്നു.”[3] രാജ്യതന്ത്രജ്ഞൻ, വാഗ്മി, വക്കിൽ എന്നീ നിലകളിൽ പ്രവർത്തിച്ച സിസേറോ ബി.സി. ഒന്നാം നൂറ്റാണിലെ കോടതിയെ കുറിച്ച് റോമാക്കാരോടും പുറത്തുള്ളവരോടും തന്റെ അഭിപ്രായം പറഞ്ഞു, “ഈ കോടതികളിലല്ലാം പ്രതി കുറ്റക്കാരനാകുന്നത് വാദി പണക്കകാരനാകുമ്പോഴാണ് ...”[4] യാക്കോബ് ചോദിച്ചു, “ധനവാന്മാർ അല്ലയോ നിങ്ങളെ പീഡിപ്പിക്കുന്നത്? അവർ അല്ലയോ നിങ്ങളെ ന്യായസ്ഥാനങ്ങളിലലേക്കക് വലിച്ചിഴച്ചുകൊണ്ടു പോകുന്നത്?” (യാക്കൊ. 2:6).

റോമാക്കാരുടെ രണ്ടു രീതിയിലുള്ള നീതി വ്യവസ്ഥ പൗലൊസ് ആഗ്രഹിച്ചില്ല-ധനികർക്ക് ഒന്ന്, ദരിദ്രർക്ക് വേറെ-വിശ്വാസികൾക്ക് സ്വീകരിക്കകാവുന്നതായിരുന്നില്ല അത്. കൊരിന്തിലെ ചിലർ ദരിദ്രരും അശക്തരും ആയിരുന്നു, മറ്റു ചിലർക്ക് സാമാന്യം സ്വത്തുള്ളവരായതിനാൽ, അവർക്ക് വിലയുള്ളവരായി കണക്കാക്കപ്പെട്ടിരുന്നു. സഭക്ക് കൂടിവരുന്നതിന് സൗകര്യമുള്ള സാമാന്യം നല്ല ഒരു വീട് ഗായൊസിന് ഉണ്ടായിരുന്നു.കൊരിന്തിലെ എരസ്തൊസിന് നല്ല ഒരു ജോലി ഉണ്ടായിരുന്നു (റോമ. 16:23 നോക്കുക). സ്തെഫനൊസ് എഫെസൊസിലേക്ക് വന്നപ്പോൾ, പൗലൊസുമായി ചർച്ച ചെയ്യുന്നതിന് രണ്ട് ദാസന്മാരുമായിട്ടാണ് വന്നത്. പണവും പ്രതാപവുമുള്ള കൊരിന്തിലെ ചിലർ അത് പാവപ്പെട്ടവർക്ക് പങ്കിടുവാൻ തയ്യാറായിരുന്നില്ല.(1 കൊ. 11:21). കൊരി

ന്തിലെ ദരിദ്രരായ ക്രിസ്ത്യാനികൾക്ക് ധനികരായ ക്രിസ്ത്യാനികൾ കോട തിയിൽ പോയാൽ അവർക്ക് നീതി ലഭിക്കുമെന്ന കാര്യത്തിൽ പൗലൊസിന് ബലമായ സംശയം നിലനിന്നിരുന്നു. അത്തരം അതുല്യത പൗലൊസിനെ അലോസരപ്പെടുത്തി. നീതി നടപ്പാക്കുന്നതിൽ റോമൻ കോടതികൾ പരാജ യപ്പെട്ടിരുന്നതും പൗലൊസിന് നന്നായി അറിയാമായിരുന്നു. ഫിലിപ്പിയയിൽ വെച്ച് പൗലൊസിനെ വലിച്ചിഴച്ച് ന്യായാധിപസഭക്ക് മുന്നിലേക്ക് കൊണ്ടുപേ ായെങ്കിലും, പ്രതിവാദത്തിനുള്ള അവസരം അവന് ലഭിച്ചില്ല (പ്രവൃ. 16:19). കോടതി നിയന്ത്രണം ഇല്ലാതിരുന്നതിനാൽ, ദെമെത്രയൊസിന് ഒരു ലഹള നടത്തുവാൻ കഴിഞ്ഞു (പ്രവൃ. 19:24, 29). അപ്പൊസ്തലന് തന്റെ ജീവൻ പേ ാലും നഷ്ടമാകുമെന്ന് തോന്നിപ്പോയി (2 കൊ. 1:8, 9). "പൗലൊസ് തനിക്ക് പണം നൽകുമെന്ന് വിചാരിച്ച് ഫേലിക്സ് അവനെ തടവിലാക്കി" (പ്രവൃ. 24:26). "വിശുദ്ധന്മാരുടെ പ്രശ്ന പരിഹാരത്തിനായി അവിശ്വാസികളുടെ അടുക്കലേക്ക് ക്രിസ്ത്യാനികൾ പോയതിനനാൽ" പൗലൊസിന് ധാർമ്മിക രോഷം കൊള്ളുവാൻ കാരണമായി (1 കൊ. 6:1).

റോമാ നിയമനടപടികളിൽ അഭിപ്രായവ്യത്യാസവും, യെഹൂദന്മാരുടെ നീതിവ്യവസ്ഥയുടെ ക്രിയാത്മകതയും പൗലൊസിന് അറിയാമായിരുന്നു. ക്ലൗദ്യോസ് ലൂസിയാസ് പൗലൊസിന്റെ കേസ് വിചാരണക്കായി, യെരുശ ലേമിലെ യെഹൂദ കോടതിയിലേക്ക് മാറ്റിയിരുന്നു (പ്രവൃ. 22:30; 23:26; 24:7, 22 നോക്കുക). തങ്ങൾ കീഴടക്കിയ ആളുകൾ അവരുടെ കേസുകളും നിയമ പരമായ കാര്യങ്ങളും അവർ തന്നെ കൈകാര്യം ചെയ്യുന്നത് റോമാക്കാർക്ക് ഇഷ്ടമായിരുന്നു. യെഹൂദന്മാർ യേശുവിനെ കൊണ്ടുവന്ന് എതിർപ്പ് പ്ര കടിപ്പിച്ച് പിലാത്തൊസിന്റെ മുൻപാകെ തെറ്റായ അവകാശവാദമാണ് ഉന്നയി ച്ചത്, "മരണശിക്ഷക്കുള്ള അധികാരം ഞങ്ങൾക്ക് ഇല്ലല്ലൊ" (യോഹ. 18:31). യെഹൂദന്മാർ ചെയ്യുന്നത്, കുറ്റാരോപിതരെ പാളയത്തിന് പുറത്തു കൊണ്ടു പോയി യാതൊരു ദയയുമില്ലാതെ കല്ലെറിഞ്ഞു കൊല്ലുകയാണ്. ഒരുപക്ഷെ റോമാക്കാർ അതു വിരളമായേ കണ്ടിരിക്കയുള്ളു. സ്തെഫനൊസിനെ അവർ അതാണ് ചെയ്തത് (പ്രവൃ. 7:58). രാഷ്ട്രീയ കാരണത്താൽ, യേശുവിന്റെ മരണം റോമാക്കാരിൽ കെട്ടിവെക്കുവാനായിരുന്നു യെഹൂദന്മാരുടെ പദ്ധ തി. പി.ലാത്തൊസിന് അത് അറിയാമായിരുന്നു. എന്നാൽ യേശു നിരപരാധി ആണെന്നു ബോധ്യമായിട്ടും അവനെ വിട്ടയപ്പാൻ പിലാത്തൊസിന് ധൈര്യ മില്ലായിരുന്നു. "യെഹൂദന്മാർ എവിടെ പോയാലും, അവർ തങ്ങളുടെ ന്യായ പ്രമാണം കൊണ്ടുപോകയും, അതിൻപ്രകാരം അവരുടെ സമൂഹത്തിൽ ന ീതി നടപ്പാക്കുവാൻ അവർ ശ്രമിച്ചിരുന്നു."[5]

ആധുനിക പാശ്ചാത്യ ലോകത്തിലെ നിയമങ്ങൾ പരിചയമുള്ളവർക്ക് അതിശയമുളവാക്കുന്നതാണ് യെഹൂദനിയമവും ക്രിസ്തീയ നിയമവും കെട്ടിമറിഞ്ഞു കിടക്കുന്നത് റോമാക്കാർ എങ്ങനെ കൈകാര്യം ചെയ്യുമന്നത്. പരിഗണനിയമായ ചെലവിലാണ് റോമാക്കാർ തങ്ങളുടെ നിയമ സേവനം നടത്തിയിരുന്നത് എന്നു കാണുമ്പോൾ, പ്രശ്നങ്ങളുടെ കാഠിന്യം അവർക്ക് കുറവായിരിക്കും, കാരണം അവരുടെ നിയമ വ്യവസ്ഥ അതായിരുന്നു. പെ ാതുവായ ഉദ്യോഗസ്ഥരെല്ലാം വംശീയ സമൂഹത്തിൽ അവരുടെ തന്നെ നീതി യായിരുന്നു നടത്തിയിരുന്നത്. യെരുശലേമിൽ നിന്നു മഹാപുരോഹിതന്മാർ ദമസ്ക്കൊസിലെ പള്ളികളിൽ പോയിട്ടാണ് കൽപനകൾ നൽകിയിരുന്നത് (പ്രവൃ. 9:1, 2). എമിൽ ഷുണർ എഴുതി, "യെഹൂദന്മാർ തങ്ങളുടെ സമൂഹ

ത്തിലെ അംഗങ്ങളുടെ ആഭ്യന്തരമോ അല്ലെങ്കിൽ ക്രൂരതക്കോ അവരുടെതായ നിയമപ്രകാരം അവയെ കൈകാര്യം ചെയ്തിരുന്നു."[6] ലൗകികമായി നിലനിൽക്കുന്ന കോടതി നിയമത്തേക്കാൾ, കുറേക്കൂടെ നീതി നിർവ്വഹണം യെഹൂദന്മാരുടെ നിയമങ്ങളിൽ **ഉണ്ടാ**യിരുന്നതായിട്ടാണ് പൗലൊസ് കരുതിയത്.

**വാക്യം 2**. ലൗകിക കോടതി കയറാതെ ക്രിസ്ത്യാനികൾ തങ്ങളുടെ തന്നെ ന്യായാധിപന്റെ അടുക്കൽ നീതി ലഭ്യമാക്കുവാനായിരുന്നു പൗലൊസ് പറഞ്ഞത്. അതിനെ പിന്തുണക്കുന്ന വാദഗതി അത്ര വ്യക്തമായിരുന്നില്ല. **വിശുദ്ധന്മാർ ലോകത്തെ വിധിക്കുമെന്ന് അറിയുന്നില്ലയോ?** എന്നാണ് പൗലൊസ് ചോദിച്ചചത്. രണ്ട് നിരീക്ഷണങ്ങൾ ഇവിടെ സഹായകരമാകും. ഒന്നാമതായി, അപ്പൊസ്തലൻ അപേക്ഷിച്ചത് ദാനിയേൽ 7:22 ആയിരിക്കാം, "... അത്യുന്നതനായവന്റെ വിശുദ്ധന്മാർക്ക് ന്യായാധിപത്യം നൽകും." ഉദ്ദേശം LXX ൽ καὶ τὴν κρίσιν ἔδωκε τοῖς ἁγίοις τοῦ ὑψίστου (*കായി ടെൻ ക്രിസിൻ എഡതെ ടോയിസ് ഹാഗിയോയിസ് ടൗ ഹുപ്സിസ്ടൗ*), "അവൻ അത്യുന്നതനായവന്റെ വിശുദ്ധന്മാർക്ക് ന്യായവിധി നൽകിയിരിക്കുന്നു." ദൈവം അവസാനം തിരഞ്ഞെടുക്കപ്പെട്ടവരെ നിരത്തി ന്യായവിധി നടത്തും എന്നതാണ് ആശയം. "ഖുംറാൻ അടക്കമുള്ള വിവിധങ്ങളായ ഭാഗങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നതാണ് ഈ വേദഭാം," എന്നാണ് ഗോർഡൻ ഡി. ഫീ നിരീക്ഷിച്ചത്.[7] ചുരുക്കി പറഞ്ഞാൽ ദൈവം അവസാനം വിശുദ്ധന്മാരരോടുകൂടെ ന്യായം വിധിക്കുമെന്നതല്ല ഇവിടത്ത പ്രശ്നം. ലോകത്തെ വിധിക്കുന്നതിൽ അവരും പങ്കു ചേരും എന്നതാണ് ആശയം.

രണ്ടാമത്, ഇവിടെ പൗലൊസിന്റെ വാദം ഉയർന്നവരിൽനിന്നു താഴ്ന്നവരിലേക്ക് എന്നതാണ്; ദൈവം ലോകത്തെ വിധിക്കുമ്പൾ, അവൻ ക്രിസ്ത്യാനികളെ നോക്കുന്നത് തെളിയിക്കുന്നത്, അവർക്ക് നിസാരമായ കാര്യങ്ങളെ വിധിക്കുവാൻ കഴിയും എന്നാണ്. വർത്തമാനകാലത്തിൽ "പുറത്തുള്ളവരെ വിധിക്കുവാൻ" ചുമതലപ്പെടുത്തിയിട്ടില്ല. സഭക്കകത്തുള്ളവരെ "വിധിക്കുവാനാണ്" അവരെ ചുമതലപ്പെടുത്തിയിരിക്കുന്നത് (5:12). കർത്താവ് മടങ്ങി വരുമ്പോൾ, ന്യായവിധിക്കായി സർവ്വ മനുഷ്യരും ദൈവമുൻപാകെ നിൽക്കും (2 കൊ. 5:10), ജലപ്രളയത്തിനു മുൻപുള്ള ലോകത്തെ നീതിമാനായ നോഹ വിധിച്ചതുപലെ, ദൈവഭക്തരായ ആളുകൾ മറ്റു ഭക്തികെട്ടവര വിധിക്കും (എബ്രാ. 11:7).

പൗലൊസ് പിന്നെ ചോദിച്ചു, ലോകത്തെ നിങ്ങൾ വിധിക്കുമെങ്കിൽ ഏറ്റവും ചെറിയ കാര്യങ്ങളെ വിധിപ്പാൻ നിങ്ങൾ അയോഗ്യരോ? ആ ചോദ്യം നമ്മെ പഠിപ്പിക്കുന്നത്, ക്രിസ്ത്യാനികൾ ലോകത്തെ വിധിക്കുന്നതിൽ പങ്കു ചേരുമെങ്കിൽ, നിസാരമായ കാര്യങ്ങളിൽ തീരുമാനം എടുക്കുവാന് അവർ പ്രാപ്തരാണ് എന്നത്രെ. തങ്ങളുടെ ക്രിസ്തീയ സമൂഹത്തിലെ തർക്കങ്ങൾ കൊരിന്ത്യ സഭ തന്നെ പരിഹരിക്കണം എന്നർത്ഥം. അത്തരം പരിഹാരമാണ് ദൈവ നീതിക്ക് ആവശ്യം.

**വാക്യം 3**. വിശ്വാസികളുടെ ദൈവഭക്തിയുള്ള ജീവിതം ദൈവത്തിന്റെ അന്തിമ വിധിയുമായ ബന്ധമുള്ളതിനാൽ ജാഗ്രതയുള്ളതായിരിക്കണം, എന്നാൽ പൗലൊസ് പറയുന്നത് വിശുദ്ധന്മാരുടെ വിധി അതിനേക്കാൾ അപ്പുറമാണെന്നാണ്. വ്യാകരണത്തിലെ ഒന്നാം വ്യക്തിയിലേക്ക് തിരിഞ്ഞ് പൗലൊസ് ചോദിച്ചു, **നാം ദൂതന്മാരെ വിധിക്കുമന്ന് നിങ്ങൾ അറിയുന്നില്ലയോ?** 2 പത്രൊസ് 2:4 ഉം യൂദാ 6 ഉം പാപം ചെയ്ത ദൂതന്മാരെ കുറിച്ചു

പറയുന്നു. ആളുകളെ പോലെ ദൂതന്മാരും അവർ ചെയ്ത പാപങ്ങൾക്ക് മറുപടി പറയണം എന്നതിലുപരിയായി കൂടുതൽ വിവരങ്ങൾ അതിനെ സംബന്ധിച്ച് നമുക്ക് ഇല്ല. പൗലൊസും, പത്രൊസും, യൂദായും ദൂതന്മാരെ കുറിച്ച് പറയുമ്പോൾ സാത്താനെ കുറിച്ചു പറയാത്തതിനാൽ, വിശ്വാസികൾ ആരെയാണ് വിധിക്കുന്നത് എന്നു വ്യക്തമല്ല.

"ലോകത്തെ" അല്ലെങ്കിൽ "ദൂതന്മാരെ" ക്രിസ്ത്യാനികൾ വിധിക്കുന്നത് പ്രത്യേകമായി പറഞ്ഞിട്ടില്ല, ദൈവത്തിന്റെ വിധി മനുഷ്യരുടേതിൽനിന്നു വ്യത്യസ്തമാണെങ്കിൽ അതു നീട്ടി വെക്കുമെന്നല്ല പൗലൊസ് പറയുന്നത്. ക്രരിസ്ത്യാനികളുടെ വിശ്വസ്ത ജീവിതമാണ് ദൂതന്മാരെ വിധിക്കുന്നത്, അവരുടെ നല്ല ജീവിതമാണ് അഭക്തിയുള്ള ലോകത്തെയും വിധിക്കുന്നത് (മത്താ. 19:28; എബ്രാ. 11:7). 6:2 ലെ ചോദ്യങ്ങൾ ഉറപ്പിക്കുന്നതാണ് ദൂതന്മാരെ കുറിച്ച് അപ്പൊസ്തലൻ ദൂതന്മാരെ കുറിച്ച് പറഞ്ഞിരിക്കുന്നത്. ഈ ലോക **ജീവിതത്തിലെ കാര്യങ്ങളെ** കുറിച്ച് വിധിക്കുവാൻ കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ യോഗ്യരായിരുന്നു.

### വ്യവഹാരങ്ങൾ ജാതികൾക്ക് ഉള്ളത് (6:4-8)

**4എന്നാൽ നിങ്ങൾക്ക് ഐഹിക കാര്യങ്ങളെ കുറിച്ച് വ്യവഹാരം ഉണ്ടെങ്കിൽ വിധിപ്പാൻ സഭ ഗണ്യമാക്കാത്തവരെ ഇരുത്തുന്നുവോ? 5നിങ്ങൾക്ക് ലജ്ജക്കായി ഞാൻ ചോദിക്കുന്നു, ഇങ്ങനെ സഹോദരന്മാർക്കു മദ്ധ്യേ കാര്യം തീർപ്പാൻ പ്രാപ്തിയുള്ളോരു ജ്ഞാനിയും നിങ്ങളുടെ ഇടയിൽ ഇല്ലയോ? 6അല്ല സഹോദരൻ സഹോദരനോട് വ്യവഹരിക്കുന്നു, അതും അവിശ്വാസികളുടെ മുമ്പിൽ തന്നെ.**

**7നിങ്ങൾക്കു തമ്മിൽ വ്യവഹാരം ഉണ്ടാകുന്നതു തന്നെ കേവലം പോരായ്മയാകുന്നു. അതിനു പകരം നിങ്ങൾ അന്യായം സഹിച്ചുകൊള്ളാത്തത് എന്ത്? നഷ്ടം ഏറ്റുകൊള്ളാത്തത് എന്ത്? 8അല്ല, നിങ്ങൾ അന്യായം ചെയ്കയും നഷ്ടം വരുത്തുക.യും ചെയ്യുന്നു, അതും സഹോദരന്മാർക്കു തന്നെ.**

**വാക്യം 4.** ഊന്നി പറയുവാനായി പൗലൊസ് ആലങ്കാരിക ചോദ്യങ്ങൾ തുടരുകയാണ്, അതായത് വിശുദ്ധന്മാർ തങ്ങളുടെ ഐഹിക കാര്യങ്ങളിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കുവാൻ അവിശ്വാസികളുടെ അടുക്കൽ പോകുന്നത്. ഐഹിക കാര്യങ്ങൾ (βιωτικά, *ബയോടികാ*) അതിൽ കുടുംബത്തിനു നൽകുന്നതും സമൂഹത്തിൽ അന്യോന്യമുള്ള ബന്ധത്തെ കുറിച്ചുള്ളതും ഉൾപ്പെടും. വസ്തു സംബന്ധമായതും, ചന്തസ്ഥലത്തെ കടയെ കുറിച്ചും, കടം കൊടുത്തു തീർക്കുന്നതിനെ സംബന്ധിച്ചും, കൂലിത്തർക്കത്തെയും മറ്റേതൊരു തർക്കത്തെ കുറിച്ചും ഹൃദ്യമായ പരിഹാരം കാണുവാൻ ആളുകൾ ആഗ്രഹിച്ചിരുന്നു. അഴിമതിയും, പക്ഷപാതവുമുള്ള ലോക കോടതിയിലേക്ക് വിശ്വാസികൾ തങ്ങളുടെ പ്രശ്ന പരിഹാരത്തിന് പോകുമ്പോൾ, സഭയിലെ വിശ്വാസികളുടെ കൂട്ടായ്മയെയും ഐക്യതയെയും അത് ബാധിക്കും.

വിശ്വാസികൾക്കിടയിൽ സംഭവിക്കുന്ന തർക്കങ്ങൾ കുറക്കണമെന്നോ, അല്ലങ്കിൽ, അത്തരം സന്ദർഭങ്ങളിൽ ശരിയും തെറ്റും വിവേചിച്ചു കൈകാര്യം ചെയ്യണമെന്നോ അല്ല പൗലൊസ് പറയുന്നത്, കോടതിയിൽ പകാതെ,

സഭയിലെ ബഹുമാന്യരായ അംഗങ്ങളാൽ, ഇരു കക്ഷികൾക്കും യോഗ്യമായ തീരുമാനങ്ങൾ എടുത്തു പരിഹാരം കാണണമെന്നാണ്. 1984 ലെ എൻഐവി യിൽ വാക്യം 4 ൽ ആലങ്കാരികമായ ചോദ്യം ഉൾപ്പെടുത്തിയിട്ടില്ല. καθίζετε (*കാത്തിസെറ്റേ,* "നിയമിക്കുക") ഉപയോഗിച്ച്, ഒരു അടിയന്തിരമായി, തർജിമ ചെയ്തിരിക്കുന്നത് "ഐഹിക കാര്യങ്ങളിൽ നിങ്ങൾക്കിടയിൽ തർക്കം ഉണ്ടാകുമ്പോൾ, നിങ്ങളുടെ ഇടയിൽനിന്നു തന്നെ യോഗ്യരായ ന്യായാധിപന്മാരെ നിയമിക്കുക." ലോകപ്രകാരമുള്ള കോടതികളിലേക്ക് ഇത്തരം തർക്കങ്ങൾ വലിച്ചിഴക്കുന്നതിനേക്കാൾ, സഹോദരങ്ങൾക്കിടയിലെ ഏറ്റവും ചെറിയവരെ പ്രശ്നപരിഹാരത്തിനു ഉപയോഗിക്കുന്നതാണ് അഭികാമ്യം. അവിശ്വാസികളുടെ അടുക്കലേക്ക് ഇത്തരം കാര്യങ്ങളുമായി പോകുന്നതു തന്നെ ലജ്ജാകരമമാണ്. 1984 ലെ എൻഐവി തർജിമയാണോ അതോ എൻഏഎസ്ബി തർജിമയാണോ ശരി എന്നു നിർണ്ണയിക്കുക പ്രയാസമാണ്. വ്യക്തിപരമായ പ്രശ്നങ്ങൾ സഭക്കകത്തു തന്നെ പരിഹരികക്കണം എന്ന പൗലൊസിന്റെ നിർദ്ദേശത്തോടു യോജിക്കുന്നതാണ് ആദ്യത്തെ തർജിമ.

**വാക്യം 5.** സഭയിൽ അഭിപ്രായ വ്യത്യാസങ്ങളോ തർക്കങ്ങളോ ഉണ്ടാകുമ്പോൾ, സഹോദരങ്ങളിൽ തന്നെ വിധി പ്രസ്താവിക്കുവാൻ പ്രാപ്തരായവരില്ലയോ എന്ന അർത്ഥത്തിലാണ് അപ്പൊസ്തലൻ ചോദിക്കുന്നത്. അവർക്കിടയിലെ പക്ഷവാദവും, വാദവുമെല്ലാം ഉത്ഭവിച്ചത് അവരുടെ തന്നെ ജ്ഞാനത്തിൽ അവർ ഊന്നിയതിനാലായിരുന്നു (3:18–20 നോക്കുക). എന്തായിരുന്നു അവരിൽ രൂപപ്പെട്ട സ്വയ-കേന്ദ്രീകൃത ജ്ഞാനം? അവരുടെ ജ്ഞാനത്തിന് പ്രായോഗികമായി തർക്കങ്ങൾ പരിഹരിക്കുവാൻ കഴിയാതിരുന്നത് എന്തുകൊണ്ട്? സഭയിലെ കാര്യങ്ങൾ പ്രായോഗികമായി പരിഹരിക്കുവാൻ പറ്റിയതായിരുന്നു അപ്പൊസ്തലന്റെ പ്രബോധനം.

ആ വിശ്വാസികളിൽ പൗലൊസ് ദർശിച്ച ആത്മിയ വരങ്ങൾ, തർക്കങ്ങൾ പരിഹരിക്കുന്നതിന് സഹായകരമായി അവർക്ക് ഉപയോഗിക്കാമായിരുന്നു. 12:28 അനുസരിച്ച് ദൈവം അവർക്ക് "പരിപാലന വരം" (κυβέρνσις, *കുബെർണെസിസ്*). ഒരു കപ്പിത്താൻ കപ്പലിനെ സുരക്ഷിതമായി നയിക്കുന്നതിനു ഉപയോഗിക്കുന്ന വാക്കാണ് അത്. കൊരിന്ത്യ സഭ പ്രയാസത്തിൽ കൂടെ കടന്നുപോകുമ്പോൾ, ഈ വരം ലഭിച്ചചവർ ഉണർന്നു പ്രവർത്തിച്ച് ആ സഹോദരങ്ങളെ സഹായിക്കണം. ഇത്തരം സന്ദർഭങ്ങളിൽ വരം ലഭിച്ചവർ പ്രവർത്തിച്ചില്ലെങ്കിൽ, അത് അവരുടെ വിശ്വാസത്തെ തന്നെ ചോദ്യം ചെയ്യുന്ന രീതിയിലെത്തും. സഭക്ക് ബുദ്ധിമാന്മാരുടെ സേവനം ആവശ്യമുള്ളപ്പോൾ നടത്തി കൊടുക്കണം. സഭയിൽ അങ്ങനെയുള്ള ബുദ്ധിമാന്മാർ ഇല്ലാതിരിക്കുകയോ, അല്ലെങ്കിൽ അവർ അത് ഉപയോഗിക്കാതിരിക്കയോ ചെയ്യുന്നത് ലജ്ജാവഹമാണ്.

**വാക്യം 6.** ഒരു സഹോദരന് എതിരെ മറ്റൊരു സഹോദരൻ കോടതിയിൽ പോകുന്നത് അവിശ്വാസത്തെ കാണിക്കുകയാണ്. പ്രശ്നം രണ്ട് വിധത്തിൽ ഉള്ളതായിരുന്നു: ബുദ്ധിമാന്മാർ ഭീരുക്കളായി കാണപ്പെടുകയും ലോകമനുസുള്ള ക്രിസ്ത്യാനികൾ സംഘർഷം ഇല്ലാതാക്കുവാൻ ശ്രമിക്കാതിരിക്കയും ചെയ്തു. തൽഫലമായി സഭയിൽ കാപട്യം ഉടലെടുത്ത് പരസ്യനിന്ദക്ക് പാത്രമായി; **സഹോദരൻ സഹോദരനെതിരെ വ്യവഹാരത്തിനു കോടതിയിലേക്ക് പോയി**. അവരുടെ പരാതികളുമായി **അവിശ്വാസികളുടെ** അടുക്കലേക്ക് പോയപ്പോൾ, ഇത്തരം കാര്യങ്ങളിൽ തീർപ്പു കൽപിക്കുവാന

ുള്ള ബുദ്ധിമാന്മാര് അവർക്കിടയിൽ ഇല്ല എന്നു അവർ പരസ്യമായി പ്രഖ്യാപിക്കുകയായിരുന്നു. അങ്ങനെ അവർ ക്രിസ്തുവിനെ അറിയുന്നതിനു മുൻപ് എങ്ങനെയായിരുന്നുവോ അങ്ങനെ തന്നെയാണ് അതിനുശേഷവും എന്നു പരസ്യമാക്കി. അവരുടെ പെരുമാറ്റത്തിന് മാറ്റം കർത്താവ് ആഗ്രഹിച്ചതുപോലെ പൗലൊസും ആഗ്രഹിച്ചു.

**വാക്യം 7.** സഹോദരനും സഹോദരനും തമ്മിലുള്ള വാദം തീർക്കുവാനായി അവർ പോയത് ഔദാര്യമോ, മനസലിവോ ഇല്ലാത്ത അന്യദേവന്മാരെ നമസ്ക്കരിക്കുന്ന പാപമോചനം ലഭിക്കാത്തവരുടെ ഇടപെടലിനാണ്. സഭയിലെ ബുദ്ധിമാന്മാർ അവരുടെ തർക്കങ്ങൾ പരിഹരിച്ചില്ല എന്നു മാത്രമല്ല, അവർ തമ്മിൽ ഒരു മൽസര മനോഭാവമാണ് പ്രകടമാക്കിയത്. നിസാരമായ പ്രശ്നങ്ങൾ വിട്ടുകളയുവാനോ, തങ്ങളുടെ ലാഭം ഉപേക്ഷിക്കുവാനോ തയ്യാറായില്ല.

സഹോദരൻ സഹോദരനെതിരെ വ്യവഹാരത്തിന് പോകുമ്പോൾ, **അത് ഒരു തോൽവി ആയിരുന്നു** എന്നാണ്, പൗലൊസ് പറഞ്ഞത്. അവർ പിൻപറ്റുവാൻ യേശു നല്ല ഒരു മാതൃക വിട്ടിട്ടാണ് പോയിരിക്കുന്നത്. അവൻ ധനികൻ ആയിരുന്നു എങ്കിലും, അവർ ധനികർ ആകുവാൻ അവൻ അവർക്കു വേണ്ടി ദരിദ്രനായി തീർന്നു (2 കൊ. 8:9). തന്റെ അനുയായിയുടെ വസ്ത്രം എടുപ്പാൻ നോക്കുന്ന ശത്രുവിന് തന്റെ പുതപ്പു കൂടെ കൊടുക്ക, എന്നാണ് കർത്താവ് പഠിപ്പിച്ചത് (മത്താ. 5:40). അവൻ അതിനോട് കൂട്ടി ചേർത്തു, "നിന്നോട് യാചിക്കുന്നവന് കൊടുക്ക, വായ്പ വാങ്ങുവാൻ ഇഛിക്കുന്നവനെ ഒഴിഞ്ഞു കളയരുത്" (മത്താ. 5:42). ഒരു വിശ്വാസി മറ്റൊരു വിശ്വാസിക്കെതിരെ വ്യവഹാരത്തിനു പോയാൽ രണ്ടു പേരും ജയിക്കുകയില്ല.

ഒരു ക്രിസ്ത്യാനിയോട് മറ്റൊരു ക്രിസ്ത്യാനി അനീതി ചെയ്തതായി ബോധ്യപ്പെട്ടാൽ, അയാൾക്ക് ഒന്നുകിൽ അയാളോട് ക്ഷമിച്ച് കാര്യം ഉപേക്ഷിക്കാം, അല്ലെങ്കിൽ ഒരു ക്രിസ്ത്യാനി മറ്റൊരു ക്രിസ്ത്യാനിയിൽനിന്നു കൂടുതൽ കൂലി ആവശ്യപ്പെടുകയാണെങ്കിൽ, മിക്ക സന്ദർഭങ്ങളിലും അതു കൊടുക്കുകയായിരിക്കും നല്ലത്. ഒരാൾക്ക് തന്റെ അതിർത്തിയിൽനിന്ന് മറ്റൊരാളുടെ വസ്തുവിൽ കുറെ കൂടെ വേണമെന്ന് ശഠിച്ചാൽ, യേശു പറഞ്ഞതനുസരിച്ച് അത് വിട്ടുകൊടുക്കണം. പൗലൊസ് ചോദിക്കുന്നത്, **നിങ്ങൾ അന്യായം സഹിച്ചുകൊള്ളാഞ്ഞത് എന്ത്? നഷ്ടം ഏറ്റുകൊള്ളാത്തത് എന്ത്?**

ഔദാര്യത്തിന്റെ പരിധി എന്ത്? ഒരാളുടെ അത്യാഗ്രഹം ക്ഷമയെയും സ്നേഹത്തെയും അതിജീവിച്ചാൽ എന്തു ചെയ്യും? നല്ല മനസും നല്ല വിശ്വാസവും പേശി പരാജയപ്പെടുത്തിയാൽ, സഭയിലെ ബുദ്ധിമാൻമാർ മുൻപോട്ട് വന്ന് കാര്യത്തിൽ ഇടപെടണം. അനീതി വിശ്വാസികൾക്കിടയിൽ തന്നെ പരിഹരിക്കണം. പുരാതന ക്രിസ്തീയ സമൂഹത്തിലും, ആധുനിക ക്രിസ്തീയ സമൂഹത്തിലും ഇതു തന്നെയാണ് സ്വീകരിക്കേണ്ടത്.

**വാക്യം 8.** തങ്ങൾ നീതി ചെയ്തു കാണുന്നതിനേക്കാൾ കൊരിന്തിലെ ക്രിസ്ത്യാനികൾ ഐഹിക കോടതിയെ ആശ്രയിക്കുവാൻ പോയതാണ് പൗലൊസിനെ രോഷാകുലനാക്കിയത്. സഭയിൽ സമാധാനത്തിനും നല്ല ഒരു അന്തരീക്ഷംം ഉണ്ടാക്കുവാനുമായിരുന്നില്ല അവരുടെ പരിശ്രമം, മറിച്ച് പ്രാദേശിക നിയമപരിഹാരത്തിന് അവിശ്വാസികളുടേ അടുക്കലേക്കായിരുന്നു അവർ പോയത്. **നിങ്ങൾ അന്യായം ചെയ്യുകയും നഷ്ടം വരുത്തുകയും ചെയ്യുന്നു** എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. വിശ്വാസി മറ്റൊരു വിശ്വാസിക്ക് നഷ്ടം വരുത്തുന്നത് അന്യായമാണ്, അപ്പോൾ വിശ്വാസിയെ മുതലെടുക്കുന്ന സാഹ

ചര്യമാണ് സംജാതമാകുന്നത്. ഒരേ വിശ്വാസത്തിലുള്ളവരോടാണ് അവർ അന്യായം ചെയ്യുന്നത് എന്നോർക്കുക.

നിങ്ങൾ ഇതു ചെയ്യുന്നത് സ്വന്ത സഹോദരനോടാണ് എന്നത്രെ പൗലൊസ് ഇടർച്ച വരുത്തിയ വ്യക്തിയോട് പറഞ്ഞത്. വിശ്വാസികൾക്ക് തമ്മിൽ തമ്മിലുള്ള ബന്ധം സാഹോദര്യബന്ധത്തിലും ഐക്യതയിലും ഉള്ളതാണ് (ഗലാ. 6:10). ക്രിസ്തുവിൽ വിശ്വസിക്കുകയും ആ വിശ്വാസം പങ്കിടുകയും ചെയ്യുന്ന ഒരാളോട് അനീതി പ്രവർത്തിക്കുമ്പോൾ, അയാൾ കർത്താവിന്റെ ശരീരത്തെ വ്രണപ്പെടുത്തുകയാണ്. ചിലപ്പോൾ, സമാധാനം ഇല്ലാതാക്കുന്നതോടൊപ്പം, സ്വഭാവത്തെയും ബാധിക്കും. അത്തരത്തിൽ കൊരിന്തയൻ ക്രിസ്ത്യാനികൾ പെരുമാറുന്നതിനെ അപ്പൊസ്തലന് ഒരിക്കലും സഹിക്കുവാന് കഴിഞ്ഞില്ല.

**രാജ്യം നീതിമാന്മാർക്കുള്ളതാണ് (6:9-11)**

**9അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാസമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ, ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, 10കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മമാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിർ ദൈവരാജ്യം അവകാശമാക്കുകയില്ല. 11നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു. എങ്കിലും നിങ്ങൾ കർത്തതാവായ യേശുക്രിസ്തുവിന്റെ നാമത്തിലും, നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു.**

**വാക്യം 9.** വ്യക്തിപരമായ നേട്ടത്തിന് ആ സഞോഹരന്മാർ മറ്റൊരു സഹദരനെതിരെ വ്യവഹാരത്തിനു പോകയും വഞ്ചിക്കുകയും ചെയ്യുന്നതിനെ ശാസിക്കണമായിരുന്നു, അങ്ങന അവർക്കിടയിലെ സഹോദരപ്രീതിയും ഐക്യതയും നഷ്ടമാക്കുന്നു. ആകയാൽ അവ ഒന്നും നിസാര കാര്യമായി ആരും കകാണുകയില്ല. അതുകൊണ്ട് മറ്റു പാപങ്ങളെ പോലെ തന്നെ ഇവയും ഗൗരവമുള്ള പാപമായി തന്നെയാണ് അപ്പൊസ്തലൻ വിവരിക്കുന്നത്. **ദുന്നർടപ്പുകാർ, വിഗ്രഹാരാധികൾ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ** എന്നിവർ "ദൈവരാജ്യം അവകാശമാക്കുകയില്ല" (6:10). അവയോടൊപ്പമാണ് പൗലൊസ് **അന്യായത്തെയും** ഉൾപ്പെടുത്തിയിരിക്കുന്നത് സമാദാനത്തിനായി അവർ ചെയ്യുന്ന വഞ്ചന നിർത്തുവാൻ അവർക്ക് മനസില്ലായിരുന്നു.

വ്യംഗ്യാർത്ഥമുള്ള ചോദ്യമാണ് പൗലൊസ് ചോദിക്കുന്നത്. "തീർച്ചയായും, ദുർന്നടപ്പുകാരും, അത്യാഗ്രഹികളും, മറ്റു ദുഷ്ടത പ്രവർത്തിക്കുന്നവർ ആരും ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു നിങ്ങൾ അറിയുന്നുവല്ലൊ. കൂടാതെ നീതിയെ അട്ടിമറിക്കുന്നവരും അതിൽനിന്നു വ്യത്യസ്തരല്ല."

**ദൈവ രാജ്യം** എന്നു പറഞ്ഞാൽ എന്താണ് അർത്ഥം? സുവിശേഷഭാഗങ്ങളിൽ ധാരാളം ഉപയോഗിച്ചിരിക്കുന്നതും യേശുവിനെ പ്രസംഗിക്കുമ്പോൾ മുഖ്യമായും പ്രതപാദിപ്പിക്കുന്നതുമായി വിഷയമാണ് ഇത്, എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ അപൂർവ്വമായിട്ടടാണ് കാണുന്നത് (യോഹ. 3:3–5). "ദൈവ രാജ്യം" എന്ന പ്രയോഗം പ്രവൃത്തികളുടെ പുസ്തകത്തിൽ ആറു പ്രാവശ്യത്തോളം കാണാം. ചില സന്ദർഭങ്ങളിൽ പൗലൊസ് ആ പ്രയോഗം നടത്തിയിട്ടുണ്ട്, മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലും 1 കൊരിന്ത്യ ലേഖ

നത്തിലാണ് (4:20; 6:9, 10; 15:50).

ഒരർത്ഥത്തിൽ ദൈവരാജ്യം അപ്പോഴും വരുവാനിരിക്കുന്നതേയുള്ളു. വിശ്വസ്തർ അവകാശമാക്കുവാനിരിക്കുന്നതേയുള്ളു. അവസാനകാലത്ത് മാത്രമെ ദൈവരാജ്യം പൂർണ്ണമായി തിരിച്ചറിയുവാൻ കഴിയു. മറ്റൊരർത്ഥ ത്തിൽ, ദൈവരാജ്യം വന്നു കഴിഞ്ഞു, വചനപ്രകാരം ജീവിക്കുന്ന ആളുകൾ എവിടെയാണോ അവിടെ നിലവിലുള്ളതായി പറയാം (കൊലൊ 1:13). റാജ്യ ത്തിൻെറ ഭാഗമായി കഴിഞ്ഞാൽ ആരും ഉറങ്ങരുത് എന്ന് പൗലൊസ് മുന്ന റിയിച്ചിരുന്നു. പാപവും നിത്യജീവന്റെ അവകാശവും യോജിച്ചു പോകയില്ല. അത് ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും അങ്ങനെ തന്നെ. ഈ വേദഭാഗത്തു പറഞ്ഞ പാപം ചെയ്യുന്നവർ ആരും ദൈവരാജ്യത്തിൽ പ്രവേ ശിക്കുകയില്ല.

വാക്യം 9 ൽ പറഞ്ഞ അഞ്ചു പാപങ്ങളിൽ, നാലും ലൈംഗികതയുമായി ബന്ധപ്പെട്ടതാണ്. ദുർന്നടപ്പും, വ്യഭിചാരവും ഏതിർലിംഗവുമായി ചെയ്യുന്ന പാപമാണ്. അവസാനത്തെ രണ്ടും സ്വർവർഗ രതിയാണ്. വിവാഹത്തിനു പുറത്തുള്ള അവിഹിത ലൈംഗികതയെയാണ് പുതിയ നിയമത്തിൽ "ദുർന്ന ടപ്പ്" എന്നു പറഞ്ഞിരിക്കുന്നത്. വിവാഹിതരായ വ്യക്തികൾ മറ്റുള്ളവരുമായി അവിഹിത ബന്ധത്തിലേർപ്പെടുന്ന ലൈംഗികതതയെയാണ് വ്യഭിചാരം എന്നു പറയുന്നത്. കൊരിന്തിൽ മതത്തിന്റേ പേരിലും അല്ലാതെയും വിവിധ രീതിയി ലുള്ള വ്യഭിചാരം അന്നു നിലനിന്നിരുന്നു. ലോകത്തിലെ ജാതികളിലെ അത്ത രം അധാർമ്മികതയെ യെഹൂദന്മാർ അവമാനമായിട്ടാണ് കരുതിയിരുന്നത്.

ജെനറിക് സെൻസിൽ ആ വാക്ക്, μαλακός (*മാറ്റാകോസ്*, "എഫെമിനേറ്റ്") പങ്കാളികളായി തീർന്ന യുവാക്കളെയാണ് ആ പദം സൂചിപ്പിക്കുന്നത്. ഉപ യോഗിക്കുന്നത്, മനസോടെയോ അല്ലാതെയോ യൂവാക്കളായ പുരുഷന്മാരും ആൺകുട്ടികളും ചേർന്നുള്ളതാണ് ഇത് - അല്ലാതതെയുള്ളതായ സ്വവർഗ രതിയും ഇതിൽ പെടും.[8] എൻഐവി യിൽ "പുരുഷൻ പുരുഷനുമായി ലൈം ഗികബന്ധം" പുലർത്തുന്നു എന്നാണ്. സേത്രൈണ രൂപത്തിലുള്ള സ്വവർഗ രതിയെയാണ് സൂചിപ്പിക്കുന്നത്.

പൗലൊസ് പിന്നെ പറയുന്നത് സ്പഷ്ടമായി "സ്വവർഗരതിയാണ്" (അർസെനോകോയിറ്റെസ്, വന്നിരിക്കുന്നത്, ἀρσενοκοίτης (*ആർസെൻ*, "പ ുരുഷൻ"), കോയിറ്റെ, "ലൈംഗിക അധർമ്മികത്വം"). ഒരുപക്ഷെ അവൻ ഉപയോഗിച്ച വാക്ക് LXX ലേവ്യാപുസ്തകം 18:23; 20:13 ആയിരിക്കാം. ആ രണ്ട് വാക്കുകളെ കുറിച്ച് ഡേവിഡ് ഈ. മാലിക് താഴെ കൊടുത്തിരിക്കുന്ന തീർപ്പിൽ എത്തി:

> അവരെ സംബന്ധിച്ച്, അവർ സ്വവർഗരതിയിലാണ് ജീവിതം നയിച്ചത്. [അവരുടെ ബന്ധം പുരുഷന്മാരും ആൺകുട്ടികളും തമ്മിലായിരുന്നു] എന്നാൽ തമ്മിൽ തമ്മിലുള്ള അവരുടെ ലൈംഗിക ബന്ധം വളരെ വിസ്തൃതമായിരുന്നു. സ്വവർഗ രതി എബ്രായതിരുവെഴുത്തുകളിൽ, പ്ര ത്യേകിച്ച് ലേവ്യപുസ്തകം 18:22 ലും 20:13 ലും കാണാം.[9]

എങ്ങനെയായാലും, അപോളജിസ്റ്റുകൾ പൗലൊസിന്റെ സ്വവർഗരതി എന്ന വാക്കിനെ പുനർവ്യാഖ്യാനം നടത്തിയിരിക്കുന്നു, ക്രിസ്ത്യാനികൾ സ്വവ ർഗരതതി നടത്തുന്നത് അസ്വീകാര്യമായിട്ടാണ് പൗലൊസ് പ്രസ്താവിച്ചത്.

ചില ആളുകൾ ജന്മനാ സ്വവർഗരതി മനോഭാവത്തോടെ ജനിക്കുന്നു എന്നു പറഞ്ഞാലും, അത് പരിശീലിക്കുന്നത് ക്രിസ്തീയ വീക്ഷണത്തിൽ അംഗീകരിക്കുവാൻ സാധ്യമല്ല. മറ്റുള്ളവരെ ഉപദ്രവിക്കുന്ന മനോഭാവത്തോടെയും, മോഷണം, സ്വാർത്ഥതാ മനോഭാവത്തോടും കൂടെ ജനിച്ചേക്കാം. മാനുഷികമായ ഇത്തരം ചായ്‌വുകളെല്ലാം ഒഴിവാക്കുവാനാണ് വചനം ആഹ്വാനം ചെയ്യുന്നത്. സ്റ്റാൻലി ഐ. ഗ്രെൻസ് ഇതിനെ നന്നായി പറഞ്ഞിരിക്കുന്നു:

> സാന്മാർഗികത എന്നു പറയുന്നത് സ്വാഭാവികമായി വരുന്നതിനെ തടയൽ അല്ല. ... ചില ഗവേഷണങ്ങൾ പറയുന്നത് സ്വാഭാവികമായ ചില ചായ്‌വുകളോടെ ആളുകൾ ജനിക്കുമെങ്കിലും, ബൈബിളിലെ സാന്മാർഗികതയുമായി യോജിക്കാത്തതാണ്.[10]

അതുപോലെ, ജന്മനാ ഉള്ള സ്വവർഗ രതി ചായ്‌വോടെ ജനിക്കുന്നവരായാലും അങ്ങനെയുള്ള പരിശീലനം നീതീകരിക്കാവുന്നതല്ല.

നാല് പാപങ്ങളോടുകൂടെ പൗലൊസ് വ്യഭിചാരവും ഉൾപ്പെടുത്തിയിരിക്കുന്നതിൽ അതിശയിക്കാനില്ല. കാരണം അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ ഉൽസവങ്ങളിലെല്ലാം, ഇത്തരം അധാർമ്മിക ലൈംഗികത പ്രകടമാക്കിയിരുന്നതായി കാണാം. ബാലിനെയും അവന്റെ സഹവാസിയേയും പ്രീതിപ്പെടുത്തുവാനായി സ്ത്രീകളെക്കൊണ്ട് വിശുദ്ധ വ്യഭിചാരം ചെയ്യിച്ചിരുന്നതായി പഴയ നിയമത്തിൽ പറയുന്നു. "വിശ്വാസത്യാഗിയായ യിസ്രായേൽ ചെയ്തത് നീ കണ്ടുവോ?" യിരെമ്യാവ് ചോദിക്കുന്നു. "അവൾ ഉയരമുള്ള എല്ലാ മലകളിലും എല്ലാ പച്ചമരത്തിൻ കീഴിലും പരസംഗം ചെയ്തു" (യിരെ. 3:6). പ്രവാചകൻ അവിടെ ആലങ്കാരികമായി പറയുന്നതല്ല. അതുപോലെ ഗ്രീക്കുകാരും അവരുടെ ദേവനായ ദിയോനിസസിനും മറ്റും പ്രസാദകരമായ ഇത്തരം ആഭാസങ്ങൾ നടത്തിയിരുന്നു.

**വാക്യം 10.** ചില സന്ദർഭങ്ങളിൽ നല്ല ഗുണത്തെ പറയുന്നുവെങ്കിലും പൊതുവിലുള്ള പാപങ്ങളെ ആണ് അപ്പൊസ്തലൻ വിവരിക്കുന്നത് (ഗലാ. 5:19–23). ലൈംഗിക ആചാരങ്ങളിൽനിന്ന് പൗലൊസ്, അന്യോന്യബന്ധങ്ങളിൽ ആളുകൾ എങ്ങനെ തെറ്റിപ്പോകുമെന്നാണ് പറയുന്നത്. **അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ** എന്നിവർ ആദ്യം പറഞ്ഞ ലിസ്റ്റിലും കാണാം (1 കൊ. 5:11). .അത്യാഗ്രഹമാണ് മോഷണത്തിലേക്ക് നയിക്കുന്നത്. ക്രിസ്തീയ ജീവിതം വളരുന്നത് ക്രിസ്തുവിലും ക്രിസ്തീയ സമൂഹത്തിലുമുള്ള വിശ്വാസത്താലാണ്. പൗലൊസിന്റെ വീക്ഷണത്തിൽ, ജീവിത ശൈലിയിൽനിന്നു മാറ്റാവുന്നതല്ല ഏറ്റു പറച്ചൽ. ക്രിസ്തീയ വിശ്വാസത്തിൽ ജീവിക്കാത്തവർ **ദൈവ രാജ്യത്തിൽ**നിന്നും അകലും.

**വാക്യം 11.** യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായ പൗലൊസ്, വീണ്ടെടുപ്പ് പശ്ചാത്തലം ഓർമ്മിപ്പിച്ചുകൊണ്ടാണ്, പാപത്തിന്റെ ഭയാനകത്വത്തെ ബോധ്യമാക്കുന്നത്. തന്റെ വായനക്കാർ യേശുവിന്റെ നാമത്തിൽ, വിശുദ്ധീകരിക്കപ്പെട്ടവരും രക്ഷിക്കപ്പെട്ടവരുമാണ് എന്ന കാര്യം അവരെ അപ്പൊസ്തലൻ ഓർപ്പിച്ചു. സഹോദരൻ സഹോദരനെതിരെ കോടതിയിലേക്ക് പോകുന്നതിനെ സംബന്ധിച്ച് ക്രിസ്തു അവർക്ക് നല്ല വഴി ഒരുക്കിയിരിക്കുന്നായി പൗലൊസ് വ്യക്തമാക്കി. കൊരിന്തിലെ ചിലരിൽ അത്യാഗ്രഹം കടന്നുകൂടിയിരിക്കുന്നതായി അവരുടെ പെരുമാറ്റം തെളിയിക്കുന്നു. ദൈവത്താൽ

വിളിക്കപ്പെട്ടവർക്ക് അവൻ നിത്യജീവൻ നൽകുന്നതോടുകൂടെ ലോകത്തിൽ തൃപ്തികരമായ ജീവിതവും വാഗ്ദാനം ചെയ്യുന്നു. "പാപേഛയോടു പേ ാരാടുവാനുള്ള ശക്തി ക്രിസ്ത്യാനികൾക്ക് ദൈവം നൽകുമെന്ന് അവൻ പറഞ്ഞു. ... അവർക്ക് ഈ ലോകത്തിൽ നന്മ വേണോ അതോ തിന്മ വേണോ ഏതും തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്."[11]

എത്ര വലിയ പാപികളാണെങ്കിലും, സുവിശേഷ ശക്തി സ്ത്രീ പുരുഷ ന്മാരെ വിശുദ്ധരും ദൈവമക്കളും ആകുവാൻ പ്രാപ്തരാക്കും. മനുഷ്യരെ രക്ഷിക്കുവാൻ ദൈവം എടുത്ത മുന്നൊരുക്കവും രക്ഷിക്കപ്പെട്ടവർ ദൈവ മഹത്വത്തിനായി ജീവിക്കുന്നതിനുമിടക്കുള്ള സന്തുലിതാവസ്ഥയെയാണ് അപ്പൊസ്തലൻ ഇവിടെ ചിത്രീകരിക്കുന്നത്. ഓരോ വിശ്വാസിയുടേയും ദൈവത്തിലുള്ള ആശ്രയവും ഭക്തിയുള്ള ജീവിതവുമാണ് സഭയുടെ ശക്തി.

ദൈവത്തിലുള്ള ആ വിശ്വാസം പൗലൊസ് പ്രകടിപ്പിച്ച് വർഷങ്ങൾക്കു ശേഷം, ദൈവത്തിന്റെ കരുണാധിക്യപ്രകാരമുള്ള കരുതലിനെ കുറിച്ച്, റോമാ സഭയിലെ ഒരു മൂപ്പൻ എഴുതി. അദ്ദേഹം ഒന്നാം നൂറ്റാണ്ടിന്റെ അവസാനം കൊരിന്ത്യ സഭക്ക് ഒരു കത്ത് എഴുതി.

> പ്രിയ കർത്താവേ, നിന്നിൽ ഞങ്ങൾ പ്രത്യാശ വെക്കേണ്ടതിനും സകല സൃഷ്ടികളിലും നിന്റെ നാമം മഹത്വപ്പെടുത്തുവാനും, ഞങ്ങളുടെ ഉൾക്കണ്ണ് പ്രകാശിപ്പിക്കേണമെ. അങ്ങനെ നീ മാത്രമാണ് അത്യുന്നതൻ എന്നു ഞങ്ങൾ തിരിച്ചറിയും. പരിശുദ്ധനിൽ പരിശുദ്ധൻ നീ മാത്രമാണ്; അധിക പ്രസംഗികളെയും, അഹങ്കാരികളെയും താഴ്ത്തുന്നത് നീയാണ്. നീ ജാതികളുടെ സങ്കൽപങ്ങളെ നിഷ്പ്രഭമാക്കി കളയുന്നു. ധനവാനെ ദരിത്രനാക്കുകയും, ദരിദ്രനെ സമ്പന്നനാക്കുകയും ചെയ്യുന്നു. സകല ജഡത്തിന്റെയും ആത്മാക്കൾ നിനക്കുള്ളതാകുന്നു; താഴ്മയുള്ളവരെ നീ ഉയർത്തുന്നു. മനുഷ്യരുടെ പ്രവൃത്തികളെല്ലാം നീ ശോധന ചെയ്ത് ദോഷത്തെ മനസിലാക്കുന്നു, നിരാശയിലുള്ളവർക്ക് നീ അഭയവും രക്ഷയും നൽകുന്നുവല്ലൊ; സകല ജാതികളിൽ നിന്നും ക്രിസ്തു മുഖാന്തരം നിന്നെ സ്നേഹിക്കുന്നവരെ നീ തിരഞ്ഞെടുക്കുന്നുവല്ലൊ. നിന്റെ പ്രിയപുത്രൻ മുഖാന്തരം ഞങ്ങളോട് സംസാരിക്കുന്നുവല്ലൊ. അവൻ മുഖാന്തരം ഞങ്ങളെ വിശുദ്ധീകരിക്കയും നീതീകരിക്കയും ചെയ്യുമാറാകേണമെ.[12]

സ്നാനത്തിൽ നടക്കുന്ന **കഴുകൽ** ബൈബിളിൽ പല വേദഭാഗങ്ങളും സാക്ഷ്യപ്പെടുത്തുന്നതാണ്, പൗലൊസും തന്റെ വായനക്കാരും ജലസ്നാന ത്താൽ കഴുകപ്പെട്ടവരായിരുന്നു. പൗലൊസ് പറയുന്നു, നിങ്ങൾ വിശുദ്ധീക രിക്കപ്പെട്ടവരും, നീതീകരിക്കപ്പെട്ടവരുമാകുന്നു (പ്രവൃ. 22:16; തിത്തൊ. 3:5). വെയിൻ ഏ. മീക്സ് അതിനെ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

> വിശുദ്ധ സമൂഹത്തോടു ചേരുവാൻ ആഗ്രഹിക്കുന്ന എല്ലാവരും "കഴുക പ്പെടുകയും," "വിശുദ്ധീകരിക്കപ്പെടുകയും," "നീതീകരിക്കപ്പെടുകയും" വേണം (1 കൊ. 6:11). കൂടാതെ, ആ ചടങ്ങിൽ മുഴുവനും, ക്രിസ്തുവി നോടുകൂടെ മരിക്കയും, ഉയിർക്കുകയും ചെയ്യലാണ്...അപ്പോൾ സ്നാനം എന്നത് ഒരു ആചാരത്തിന്റെ അതിർവരമ്പായി സ്ഥിരീകരിക്കുന്നു.[13]

സ്നാനത്തിൽ ഉറപ്പിച്ചിരിക്കുന്ന ആന്തരിക സ്വഭാവങ്ങളായ വിശ്വാസം, സ്നേഹം, കീഴ്പ്പെടൽ എന്നിവ സ്നാനത്തിൽ നിന്നു മാറ്റി നിർത്താവുന്നതല്ല. മാനസാന്തരത്തിന്റെ ആത്മിയ ഏർപ്പാടാണ് വെള്ളത്തിലുള്ള അടക്കം.

**യേശുക്രിസ്തുവിന്റെ നാമത്തെ** കുറിച്ച് പൗലൊസ് പറയുമ്പോൾ, അവൻ പഴയനിയമത്തിൽ ആഴത്തിലേക്ക് ഇറങ്ങി ചെല്ലുകയാണ്. "നാമം" എന്നത് യേശുവിന്റെ സ്ഥാനത്തെ തന്നെയാണ് പറയുന്നത്. രക്ഷകന്റെ നാമം എടുത്ത് അവന്റെ നാമം മുഖാന്തരമാണ് കഴുകലും, വിശുദ്ധീകരണവും, നീതീതരണവും സംഭവിക്കുന്നത് എന്ന് പൗലൊസ് സ്ഥിരീകരിച്ചിരിക്കുന്നു.[14] ആത്മാവിന്റെ മദ്ധ്യസ്ഥ പ്രവൃത്തികളാണ് ദൈവത്തെയും മനുഷ്യരേയും തമ്മിൽ ബന്ധിപ്പിക്കുന്നത്. ഫീ പറഞ്ഞു, "പൗലൊസിനെ സംബന്ധിച്ച്, കൃപയുമായി ഏറ്റവും അടുത്ത ബന്ധം ലഭിക്കുന്നത് കൃപയുടെ അനുഭവത്തിലും സ്വഭാവത്തിലുമാണ് തെളിയുന്നത്."[15]

## ലൈംഗിക പാപം ഒഴിവാക്കൽ (6:12-20)[16]

പ്രബന്ധരൂപത്തിലുള്ള മുൻപിൽ എഴുതിയ ലേഖനം നഷ്ടപ്പെട്ടിരിക്കാം. ഒരു എഴുത്തിൽ, ലേഖകൻ മുൻപ് എഴുതിയത് സൂചിപ്പിച്ച് താഴേക്ക് പ്രതിപാദിക്കുന്ന വി,ഷയം ചിലപ്പോൾ അവ്യക്തമായി തോന്നാം. അതാണ് പൗലൊസ് 1 കൊരിന്ത്യർ 6 ന്റെ ആദ്യഭാഗത്ത് ചെയ്യുന്നത്. കൊരിന്തിലെ ലൈംഗിക വേഴ്ച്ചയിലേക്കും അവയോടു ക്രിസ്ത്യാനികളുടെ പ്രതികരണവും പൗലൊസ് ശ്രദ്ധിക്കപ്പെടുവാനുള്ള കാരണമെന്ത്? അപ്പന്റെ ഭാര്യയുമായി ശയിക്കുന്ന ഒരാളുമായി കൂട്ടായ്മ ആചരിക്കുന്നത് (5:1), അതുപോലെ ദുർന്നടപ്പും വ്യഭിചാരവും ചെയ്യുന്ന ഒരാൾ സഹോദരനെതിരെ വ്യവഹാരവുമായി കോടതി കയറുന്നതെല്ലാം ഇവിടെ പരാമർശിക്കുന്നു. അതെല്ലാം അവരുടെ ശാരീരികമായ പ്രവൃത്തികളാണെന്നും അത് ആത്മിയമായ കൂട്ടായ്മയെ ബാധിക്കയില്ലെന്നും അവിടെയുള്ളവർ കരുതിയിരിക്കാം. ലൈംഗിക അധാർമ്മികത്വം, സഭ. യെ നശിപ്പിക്കുന്നതാണെന്നായിരുന്നു പൗലൊസിന്റെ വാദം. ആ പാപങ്ങൾ ശരീരത്തെയും, മനസിനെയും, ആത്മാവിനെയും ബാധിക്കുമെന്ന് പൗലൊസ് പറഞ്ഞു (6:18 നോക്കുക).

ഗ്രീക്ക്-റോമാ ലോകത്ത് ധാർമ്മികത കുറഞ്ഞു വന്നിരുന്നു, പ്രത്യേകിച്ച് കൊരിന്തിൽ. വ്യഭിചാരമാണെങ്കിൽ വ്യാപൃതമായി പരിശീലിച്ചിരുന്നു. സ്തീ അടിമകളുടെ ശരീരങ്ങൾ അവരുടെ യജമാനന്മാർക്കുള്ളതതായിരുന്നു. സ്വവർഗ രതി പരിഹസിക്കപ്പെട്ടിരുന്നുവെങ്കിലും, സഹിച്ചിരുന്നു, ഉപേക്ഷണം സ്വീകാര്യമായിരുന്നു, ഗർഭച്ഛിദ്രവും, കുട്ടികളെ പുറന്തള്ളലും, സാധാരണമായിരുന്നു. ക്രിസ്ത്യാനികൾ തല തിരിഞ്ഞ ലൈംഗികതയിൽ നിന്നും ഒഴിഞ്ഞു നിൽക്കണമെന്നാണ് അപ്പൊസ്തലൻ പ്രബോധിപ്പിച്ചത്.

### പൗലൊസിന്റെ വിസദഏദീകരണം (6:12-17)

ഒരു സഹോദരൻ മറ്റൊരു സഹോദരനെതിരെ ദോഷം ചെയ്തിട്ട് അവിശ്വാസികളുടെ അടുക്കൽ തീർപ്പിനായി പോകുന്നത് അന്യായമാണ്. നിയമപരമായി അന്യായം ചെയ്യുന്നവരെ അപ്പൊസ്തലൻ, ദുർന്നടപ്പുകാരർ, വിഗ്രഹാരാധികകൾ, മോഷ്ടാക്കൾ, വ്യഭിചാരികൾ എന്നിവരോട് ചേർത്താണ് പറഞ്ഞിരിക്കുന്നത് (6:9, 10). അത്തരം പരിശീലനം നടത്തുന്നവർക്കതിരെ ദൈവത്തിന്റെ ന്യായവിധി വരുന്നു; അവർക്ക് ദൈവരാജ്യത്തിൽ സ്ഥാന

മില്ല; കൊരിന്ത്യൻ ക്രിസ്ത്യാനികളിൽ ചിലർ മുൻപ് അത്തരം ദുഷ്ക്കർമ്മങ്ങളിൽ ഏർപ്പെട്ടവരായികുന്നു, എന്നാൽ അവർ കഴുകി, ശുദ്ധീകരണവും, നീതീകരണവും പ്രാപിച്ചു.

ഗ്രീക്ക്-റോമാ ലോകത്ത കലാരൂപങ്ങൾ കുഴിച്ചെടുത്തത് തെളിയിക്കുന്നത്, പണ്ട് അവിടെ ലൈംഗിക അധാർമ്മികത്വവും നിലനിന്നിരുന്നു എന്നാണ്. പുരാതന പെയിന്റിങ്ങുകളും, രൂപങ്ങളും അവരുടെ അത്തരം ജീവിതരീതിയെ സാക്ഷീകരിക്കുന്നു. ആളുകൾ ലൈംഗിക വേഴ്ച്ചകളിൽ മുഴുകിയിരുന്നതായി പാശ്ചാത്യ സംസ്ക്കാരവും വെളിപ്പടുത്തുന്നു. അവ വിസ്തൃതമായ ആചാരം ആയിരുന്നതിനാൽ, സമൂഹത്തിന്റെ ധാർമ്മികതയെ നശിപ്പിക്കുകയും, ആളുകളുടെ ക്ഷേമത്ത ബാധിക്കുകയും ചെയ്തിരുന്നു.

**[12]സകലത്തിനും എനിക്ക് കർത്തവ്യം ഉണ്ട് എങ്കിലും സകലവും പ്രയോജനമുള്ളതല്ല, സകലത്തിനും എനിക്ക് കർത്തവ്യം ഉണ്ട് എങ്കിലും, ഞാൻ യാതൊന്നിനും അധീനനാകയില്ല. [13]ഭോജ്യങ്ങൾ വയറ്റിനും വയർ ഭോജ്യങ്ങൾക്കുമുള്ളത്. [14]എന്നാൽ ദൈവം കർത്താവിനെ ഉയർപ്പിച്ചതുപോലെ, നമ്മെയും തന്റെ ശക്തിയാൽ ഉയർപ്പിക്കും. [15]നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ക്രിസ്തുവിന്റെ അവയവങ്ങളെ ഞാൻ എടുത്ത് വേശ്യയുടെ അവയവങ്ങൾ ആക്കാമോ? ഒരുനാളും അരുത്. [16]വേശ്യയോടു പറ്റിച്ചേരുന്നവൻ അവളുമായി ഏകശരീരമാകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ഇരുവരും ഒരു ദേഹമായി തീരും എന്നുണ്ടല്ലോ. [17]കർത്തതാവിനോട് പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.**

**വാക്യം 12, 13.** ക്രിസ്ത്യാനികൾ കഴുകി വിശുദ്ധീകരണവും, നീതീകരണവും പ്രാപിച്ചവർ ദുഷ്ക്കർമ്മങ്ങളിൽ ഏർപ്പെടുന്നതായി കേട്ടതിനാലായിരുന്നു അപ്പൊസ്തലൻ അതിനു ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നത്. ജാതികളുടെ സമൂഹത്തിൽ പോലും കാണാത്ത ദുർന്നടപ്പാണ് കൊരിന്ത്യ ക്രിസ്ത്യാനികളിൽ കാണപ്പെട്ടത്. **സകലത്തിന്നും എനിക്ക് കർത്തവ്യം ഉണ്ട്** ന്നു പൗലൊസ് പറഞ്ഞു. ഉടനെ തന്നെ പറയുന്ന ഒരു പ്രസ്താവന ആകയാൽ അത് മനസിലാക്കുവാൻ അൽപം പ്രയാസം നേരിടുന്നു. പൗലൊസിന്റ സംഭവം ഇതിനെ പിന്തുണക്കുന്നതാണോ എന്നു സംശയിച്ചേക്കാം. എന്നാൽ ഇത് എൻഐവിയിലും എൻ ആർഎസ്വിയുലും (2011) തർജിമ ചെയ്തിരിക്കുന്നത് ഒരു പ്രയോഗം വാക്യം 12 ലും മറ്റൊന്ന് വാക്യം 13 ലും ആയിട്ടാണ്. ലൈംഗിക വേഴ്ച്ചയെ പ്രതിരോധിച്ചവർക്കുള്ള മറുപടിയാണ് കൊടുത്തിരിക്കുന്നത് എന്ന് തർജിമക്കാർ പറയുകയും ചെയ്യാം.

സ്വയം-ഏർപ്പെടുന്ന ദുഷ്ക്കർമ്മങ്ങളെ കുറിച്ച് ഒരു മുദ്രാവാക്യം ഉപയോഗിച്ച് അവരുടെ തെറ്റിനെ ഇങ്ങനെ ബോധ്യമാക്കി: സകലവും പ്രയോജനം ഉള്ളതല്ല. "സാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി" (ഗലാ. 5:1). ക്രിസ്ത്യാനിക്ക് സകലത്തിനും കർത്തവ്യം ഉണ്ട്; എന്നാൽ സകലവും പ്രയോദനം ഉള്ളതല്ല. നമുക്ക് പ്രയോജനമുള്ളതും, നമ്മെ വളർത്തതുന്നതും, ജീവിതത്തിൽ നാം അനുഗ്രഹിക്കപ്പെടണമന്നും അവൻ ആഗ്രഹിക്കുന്നു. ലൈംഗിക അധാർമ്മികത്വം നടത്തുവാനുള്ള കർത്തവ്യമുണ്ടൊയാലും അത് പ്രയോജനമുള്ളതല്ല ഒരു ക്രരിസ്ത്യാനി, ക്രിസ്തുവിന്റെ ശിഷ്യൻ ആകയാൽ

അതിനു നിയമ സാധുതയുണ്ടെങ്കിലും, പ്രയോജനമില്ലാത്തിനെ ഒഴിവാക്കണം. മറ്റു പാപങ്ങളെ എന്ന പോലെ ആസക്തിയയും ഒരു വിശ്വാസി അതിജീവിക്കണം. "പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന് അടിമയാകുന്നു" എന്നത്രെ യേശു പറഞ്ഞത് (യോഹ 8:34). **എങ്കിലും ഞാൻ യാതൊന്നിനും അധീനനാകയില്ല**.ക്രിസ്തുവാണ് നമ്മുടെയും പൗലൊാസിന്റെയും യജമാനൻ. രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല (മത്താ. 6:24).

**ഭോജ്യങ്ങൾ വയറിനും വയറ് ഭോജ്യങ്ങൾക്കും** എന്ന മുദ്രാവാക്യം വാസ്തവത്തിൽ ആഹാരത്തെ കുറിച്ചുള്ളതല്ല. വിശപ്പാണ് ആളുകളെ തിന്നുവാൻ പ്രേരിപ്പിക്കുന്നത് എന്നപോലെ ലൈംഗികാസക്തിയാണ് മനുഷ്യരെകൊണ്ട് അത് തെറ്റായി ചെയ്യിക്കുന്നത് എന്നർത്ഥം. ലൈംഗികതയും ഭക്ഷണവും സ്വാഭാവികമായ ആഗ്രഹങ്ങളാകയാൽ, അവ ഉപയോഗിക്കുന്ന രീതിയനുസരിച്ചാണ് ഗുണവും ദോഷവും നിർണ്ണയിക്കുവാൻ കഴിയുന്നത്. പൗലൊസ് പറയുന്നത്: നാം ഏതു കാര്യം ചെയ്യുമ്പോഴും പാപം ആയി തീരാതിരിക്കുവാൻ ദൈവത്തിന്റെ വിധിയെ മാനിക്കണം. ആഹാരത്തിനുള്ള ആർത്തി അമിത ഭക്ഷണം കഴിക്കുവാനുള്ളതല്ല, അതുപോലെ ലൈംഗിക ആഗ്രഹം ലൈംഗിക അധാർമ്മികതയായി പരിണമിക്കരുത്. രണ്ടിന്റേയും തൃപ്തിക്ക് ദൈവം വഴി ഒരുക്കിയിട്ടുണ്ട്. അവക്ക് നിയന്ത്രണം ആവശ്യമാണ്. ശരീരവും അതിന്റെ ഉപയോഗവും കർത്താവിനുള്ളതാണ്. ദൈവിക ഉപദേശപ്രകാരം വേണം ക്രിസ്ത്യാനി അതിനെ ഉപയോഗിക്കുവാൻ. ആ സഹോദരന്മാർ മുൻപ് വിഗ്രഹാർപ്പിതങ്ങളെ ചെയ്തു പോന്നതു മാറ്റിയതുപോലെ, ഈ ദുഷ്ക്കർമ്മവും ജീവിതത്തിൽനിന്നു മാറ്റിയെടുക്കണം.

**വാക്യം 14**. കർത്താവിന്റെ മടങ്ങി വരവിന്റെ ഉപദേശത്തെയും, ന്യായവിധിയെയും, ലോകാവസാനത്തേയും കുറിച്ച് പുതിയ നിയമത്തിൽ പഠിപ്പിക്കുന്നതിനാൽ, ക്രിസ്ത്യാനികൾ ഭക്തിപൂർവ്വം ജീവിക്കണം. പത്രൊസ് തന്റെ വിവരണം അവസാനിപ്പിച്ച്, കർത്താവിന്റെ നാളിനെ കുറിച്ചു 2 പത്രൊസ് 3:10-12 ൽ പറയുന്നു, "ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ നിങ്ങൾ എത്ര വീശുദ്ധജീവനവൂം ഭക്തിയും ഉള്ളവർ ആയിരിക്കേണം ..." അതുപോലെ, കർത്താവ് ശരീരത്തിനും ശരീരം കർത്താവിനും ഉള്ളതാകയാൽ ന്യായവിധിയെ ഓർപ്പിക്കുകയായിരുന്നു അപ്പൊസ്തലൻ. **ദൈവം കർത്താവിനെ ഉയർപ്പിച്ച അതേ ശക്തിയാൽ നമ്മെയും ഉയർപ്പിക്കും**. ദൈവം മനുഷ്യരെ ഉയർപ്പിക്കുമ്പോൾ, അവർ "ഓരോരുത്തരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ ന്യായവിധിക്കായി നിൽക്കും" (2 കൊ. 5:10). അയൽക്കാരനെ കുറിച്ച് ചിന്തിക്കാതെ സ്വന്ത-തൃപ്തിയിലൂന്നിയ ജീവിതം ക്രിസ്ത്യാനിക്ക് ഭൂഷണമല്ല. അത് ദൈവത്തിന്റെ അന്ത്യമായ പദ്ധതിക്കു വിരുദ്ധമാണ്.

**വാക്യം 15**. കൊരിന്ത്യയിലെ ക്രിസ്ത്യാനികളിൽ ആത്മിയ കുറവ് കാണുവാൻ കഴിഞ്ഞത് കൊരിന്ത്യ സഭയിലെ ചിലർ ദുർന്നടപ്പ് ആചരിക്കുന്നവരായിരുന്നു എന്നതാണ്. കൊരിന്ത് വ്യവസായത്തിനും തത്വജ്ഞാനത്തിനും പ്രസിദ്ധമായിരുന്നു. മറ്റു പട്ടണങ്ങള അപേക്ഷിച്ച് വ്യാവസായിക പട്ടണങ്ങളായ കൊരിന്ത് പോലുള്ള പട്ടണങ്ങളിൽ വ്യഭിചാരം സാധാരണ രീതിയിൽ നടന്നിരുന്നു, എന്നാൽ എല്ലാ ഗ്രീക്ക് പട്ടണങ്ങളിലും മനുഷ്യജഡത്തിന് നല്ല മാർക്കറ്റ് ആയിരുന്നു. ഇന്ന് അത്തരം സാഹചര്യങ്ങൾ വളര വിരളമായി മാത്രമെ കാണുപ്പെടുന്നുള്ളു.

ലൈംഗികത വ്യാവസായികമാക്കിയ മുദ്രാവാക്യത്തെ ന്യായീകരിക്കുന്നതിനെ അപ്പൊസ്തലൻ തള്ളിക്കളഞ്ഞു, അത് കർത്താവിന്റെ സഭയിലുള്ളവർക്ക് യോഗ്യമല്ല. ക്രിസ്ത്യാനികൾ തങ്ങളെ പാപത്തിൽ നിന്നു രക്ഷിച്ച രക്ഷകന്റെ വീണ്ടെടുപ്പ് പ്രസ്താവിക്കുന്നവരാണ്. ശരീരവും മനസും ഒറ്റ യൂണിറ്റായിട്ടാണ് അപ്പൊസ്തലൻ കണ്ടത്. **നിങ്ങളുടെ ശരീരങ്ങൾ**, അപ്പൊസ്തലൻ പറഞ്ഞു, "ആത്മാക്കൾ" അല്ല, ആത്മാവ് പ്രത്യേകതയുള്ളതായിട്ടാണ് വിവരിക്കുന്നത്-അത് **ക്രിസ്തുവിന്റെ അവയവങ്ങളാണ്**. ഒരു വ്യക്തി ചെയ്യുന്നത് നല്ലതായാലും, തീയതായാലും, ശരീരമാണ് ചെയ്യുന്നത് പിന്നീട് പൗലൊസ് എഴുതി. "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെ അവയവങ്ങളും ആകുന്നു" (12:27). സഹോദരന്മാരും സഹോദരിമാരും, വ്യക്തിപരമമായ പെരുമാറ്റമാണ് കാഴ്ച്ച വെക്കുന്നത്, ആ രീതിയിലാണ് കർത്താവ് സഭയെ രൂപപ്പെടുത്തിയിരിക്കുന്നത്. 6:12 ലെ പൗലൊസിന്റെ വ്യംഗ്യാർത്ഥത്തിലുള്ള ചോദ്യം വ്യാവസായിക ലൈംഗികതയെ വിസ്തൃതമായിട്ടാണ് സംസാരിക്കുന്നത്. **ക്രിസ്തുവിന്റെ അവയവങ്ങൾ എടുത്തു വേശ്യയുടെ അവയവങ്ങൾ ആക്കാമോ?** ആ ചോദ്യം തന്നെ അന്യായമാണ്. ഒരുനാളും അരുത് [μὴ γένοιτο, *മി ജെനയിറ്റോ*], അപ്പൊസ്തലൻ ഉത്തരം നൽകി. ക്രിസ്ത്യാനികൾക്ക് സ്വയമായി മാത്രം തിരഞ്ഞെടുക്കാവുന്നതല്ല ധാർമ്മികത. പെരുമാറ്റം എല്ലാവർക്കുമുള്ളതാണ്.

**വാക്യം 16.** ഒരാൾ ശാരീരികമായി ചെയ്യുന്നത് ശരീരത്തെ മുഴുവനും ബാധിക്കും. ശാരീരികമായി നാം സ്നാനം ഏൽക്കുമ്പോൾ, ആത്മിയ വിശ്വാസവും ക്രിസ്തുവിനുകീഴ്പ്പെടുന്നതും അതിൽനിന്നു മാറ്റി നിർത്താവുന്നതല്ല. ആകയാൽ ഒരാൾ ഭൗതികമായി ചെയ്യുന്ന പ്രവൃത്തിയിൽ നിന്നു ക്രിസ്തുവിനോടുള്ള ആത്മിയ ബന്ധം മാറ്റി നിർത്താവുന്നതല്ല. **വേശ്യയോട് പറ്റിച്ചേരുന്നവൻ അവളുമായി ഏകശരീരമാകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?** എന്നു പൗലൊസ് ചോദിച്ചു. കിസ്ത്യാനിയുടെ ശരീരം വിശ്വാസ സമൂഹവുമായി ചേർന്നിരിക്കുന്നു, ക്രിസ്ത്യാനികളെ ഒന്നിച്ചാണ് ക്രിസ്തുവിന്റെ ശരീരം എന്നു വിളിക്കുന്നത്.

> അവർ തന്നെ ക്രിസ്തുവിന്റെ അവയവങ്ങളാണ് പൗലൊസ് കൊരിന്ത്യരെ ഓർപ്പിച്ചത് (6:14 ലെ - "നമ്മെയും") അവരുടെ ശരീരങ്ങൾ മൂർത്തീകരിച്ചിരിക്കുന്നു. കാരണം അവർ സമർപ്പിക്കപ്പെട്ടതിനാൽ, അവരുടെ സ്വഭാവം ശിഷ്യത്വത്തെ കാണിക്കുന്നതായിരിക്കണം.[17]

6:16 ൽ പൗലൊസ് പ്രതിപാദിച്ച ദുർന്നടപ്പ്, വെറും ഒരു ശാരീരിക പ്രവൃത്തി മാത്രമല്ല. ഉൽപത്തി 2:24 ൽ ദൈവം പറഞ്ഞു, "ഇരുവരും ഒരു ദേഹമായി തീർന്നു." വേശ്യാ വൃത്തിയിലേർപ്പെടുന്ന ആൾ മറ്റെ വ്യക്തിയുമായി ചേർന്ന് ഒന്നാകുന്നു. ക്രിസ്ത്യാനി വേശ്യയുമായി വ്യഭിചാരത്തിൽ ഏർപ്പെടുമ്പോൾ, ക്രിസ്തുവിന്റ ശരീരത്തെയാണ് വേശ്യയോടു പറ്റിച്ചേരുവാൻ അനുവദിക്കുന്നത്. പൗലൊസ് ഇവിടെ പറയുന്നത് തിയറിയല്ല; ഗ്രീക്ക് പട്ടണങ്ങളിലെ ക്ഷേത്രങ്ങളിൽ മാത്രമല്ല, പട്ടണങ്ങളിലും നിലനിന്നിരുന്നു. ഓരാളുടെ ശരീരം മറ്റൊരാളുടെ സുഖത്തിനായി വിട്ടു നൽകുന്നു എന്ന രീതിയിൽ അതിനെ ഇന്ന് ആളുകൾ ന്യായികരിക്കുവാൻ ശ്രമിക്കുന്നു. "സാധാരണ ലൈംഗികത എന്നൊന്നില്ല. അതിൽ അനന്തരഫലത്തെ സഹിക്കുന്നില്ല, പരസ്പരമുള്ള

അടുപ്പമില്ലാതെ അവർക്ക് ലൈഗിക വേഴ്ച്ച നടത്താം."[18] അവർ ക്രിസ്തുവിന്റെ ശരീരമാണന്ന് ആ സഹോദരന്മാർക്ക് "അറിയാമായിരുന്നില്ലേ?" തീർച്ചയായും അറിയാമായിരുന്നു.

**വാക്യം 17.** ഒരാൾ ക്രിസ്തുവിനോടു ചേരുന്നതിനെയും ഒരാൾ വേശ്യയോട് പറ്റിച്ചേരുന്നതിനേയും സൂചിപ്പിച്ച് പൗലൊസ് ഒരേ വാക്ക് തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത് (κολλάομαι, *കൊല്ലൊവോമായി*). ഒരാൾ **ക്രിസ്തുവിനോട്** [പറ്റി]ച്ചേർന്നു ക്രിസ്ത്യാനിയാവുകയും, പിന്നീട് വേശ്യയോട് പറ്റിച്ചേരുകയും ചയ്യുന്നത് ക്രിസ്തുവിനെ പരിഹസിക്കുന്നതാണ്. ക്രിസ്തുവിലാകുക എന്നാൽ അവനോടുകൂടെ **ഏകാത്മാവിൽ ആകുക** എന്നാണ് അർത്ഥം. ക്രിസ്തുവിലായി തീർന്ന ഒരാൾ വേശ്യയോട് പറ്റിച്ചേർന്നാൽ ക്രിസ്തുവിലുള്ള ഏകത്വത്തെ അയാൾ വ്യാജമാക്കി മാറ്റുകയാണ്.

### പൗലൊസിന്റെ പ്രബോധനം (6:18-20)

**[18]ദുർന്നടപ്പ് വിട്ടോടുവിൻ, മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിന് പുറത്താകുന്നു. ദുർന്നടപ്പുകാരനോ സ്വന്ത ശരീരത്തിനു വിരോധമായി പാപം ചയ്യുന്നു. [19]ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? [20]ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ.**

**വാക്യം 18.** പ്രത്യേക സ്വഭാവത്തോടെ ഒരാൾ തന്റെ ശരീരത്തിന് എതിരായി ചെയ്യുന്ന ലംഘനമാണ് ദുർന്നടപ്പ്. അത് നിരാശ ജനിപ്പിക്കുന്ന സമീപനമാകയാൽ അപ്പൊസ്തലൻ പറഞ്ഞു, **ദുർന്നടപ്പ് വിട്ട് ഓടുവിൻ**. ലൈംഗിക ദുർന്നടപ്പ് മാത്രമല്ല അധാർമ്മികം; എന്നാൽ ഇത് മനുഷ്യന നശിപ്പിക്കുന്നതായി പൗലൊസ് ബോധ്യമാക്കുന്നു. അത് മനുഷ്യനെ പൂർണ്ണമായും ഇല്ലാതാക്കുന്നതാണ്. **മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിന് പുറത്താകുന്നു;** എന്നാൽ **ദുർന്നടപ്പുകാരൻ തന്റെ ശരീരത്തിന് വിരോധമായിട്ടാണ് പാപം ചെയ്യുന്നത്**. ദുർന്നടപ്പ് വെറുമൊരു പ്രവൃത്തി മാത്രമല്ല, അതിൽ ശരീരം മുഴുവൻ ഉൾപ്പെടുന്നു. ബി. സി. മൂന്നാം നൂറ്റാണ്ടിലെ ഒരു രേഖയിൽ നിന്നു ലഭിച്ച വിവരം, "യാക്കോബിന്റെയും ലേയയുടെയും രണ്ടാമത്തെ മകനായ ശിമെയോന്റെ ഉടമ്പടിയിലേ പ്രബോധനം," "ലൈംഗിക അധാർമ്മികതയിൽ അകപ്പെടാതെ നിന്നെത്തന്നെ സൂക്ഷിക്കുക, കാരണം അത് പിന്നെ സകല ദുഷ്പ്രവൃത്തിയിലേക്കും നയിക്കും. കൂടാതെ അത് ദൈവത്തിൽ നിന്നും മനുഷ്യനെ വേർപിരിക്കും."[19] "ശരീരത്തിന് പുറത്ത് മനുഷ്യൻ എന്താണ്?" എന്നു പൗലൊസ് ചോദിച്ചിരിക്കാം. ലൈംഗിക ആർത്തി പലപ്പോഴും സ്വയം-നശിപ്പിക്കുന്ന അവസ്ഥയിലേക്ക് മാറും. പലപ്പോഴും കുടുംബം തകരുകയും, ഛിന്നഭിന്നമാകയും ചെയ്യുന്നതു കാണുമ്പോൾ, അപ്പൊസ്തലൻ പറഞ്ഞത് സത്യമെന്ന് തെളിയുന്നു. തിരുവെഴുത്ത് ആവർത്തിച്ചു പറയുന്ന ഈ സത്യത്തെ കുറിച്ച്ഏ ജിമ്മി അലെൻ ഇങ്ങന പറഞ്ഞു: "ദുഷ്ടന്മാർക്ക് അവരുടെ ദുഷ്പ്രവൃത്തികൾക്ക് തക്കതായ ശിക്ഷ ഇപ്പോൾ ലഭിക്കുന്നതായി കാണുന്നില്ല."[20]

**വാക്യം 19. നിങ്ങൾ അറിയുന്നില്ലയോ?** ... എന്നു പൗലൊസ് എഴുതി

യപ്പോൾ അതിനർത്ഥം, "തീർച്ചയായും നിങ്ങൾക്ക് അറിയാം" എന്നാണ്. കൊരിന്ത്യ സഭയില ക്രിസ്ത്യാനികളുട ഐക്യത്തെ ഓർപ്പിച്ചുകൊണ്ട് പൗലൊസ് ക്രിസ്ത്യാനികളെയല്ലാം ഉൾപ്പടുത്തിയാണ് നിങ്ങൾ ദൈവത്തിന്റെ മന്ദിരം ന്നു വിശേഷിപ്പിച്ചത് (3:16, 17; 2 കൊ. 6:16 നോക്കുക). "ദൈവത്തിന്റ മന്ദിരവും" **പരിശുദ്ധാത്മാവിന്റ മന്ദിരവും** ഒന്നു തന്നയായിട്ടാണ് അപ്പൊസ്തലൻ പറഞ്ഞത്. ഈ രണ്ട് പ്രയോഗങ്ങളും മാറി മാറി ഉപയോഗിക്കാം. സഭ മൊത്തത്തിൽ ദൈവം വസിക്കുന്ന സ്ഥാപനവും, പരിശുദ്ധാത്മാവ് വ്യക്തിപരമായി ഓരോരുത്തരിലും വസിക്കുന്നു. പിതാവായ ദൈവവും, പുത്രനായി ദൈവവും, പരിശുദ്ധാത്മാവ് എന്ന ദൈവവും വിശ്വാസികളിൽ വസിക്കുമെന്ന് ദൈവം വാഗ്ദാനം ചയ്യുന്നു. വിശ്വാസം വസിക്കുന്നതായാലും (2 തിമൊ. 1:5), ദൈവം വസിക്കുന്നതായാലും (2 കൊ. 6:16), ആത്മാവ് വസിക്കുന്നതായാലും (കൊലൊ. 3:16), അല്ലെങ്കിൽ ക്രിസ്തു വസിക്കുന്നതായാലും (കൊലൊ. 1:17) ദൈവത്തിന്റ സ്വാധീനത്തയാണ് സൂചിപ്പിക്കുന്നത്.

ഈ സന്ദർഭത്തിൽ, വ്യക്തികളുടെ അക്ഷരിക്മായ ശരീരത്തെ കുറിച്ചാണ് അപ്പൊസ്തലൻ സംസാരിക്കുന്നത്. ഒരു വ്യക്തിയുട ശരീരം ഒരിക്കലും വേശ്യയുടെ സരീരത്തോട് ബന്ധിപ്പിക്കുവാൻ പാടില്ല എന്ന അർത്ഥത്തിലാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്. 3:16, 17 ൽ ആലങ്കാരികമായി സഭ ദൈവത്തിന്റ മന്ദിരമാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ആ രൂപകാലങ്കാരത്തിൽനിന്ന് മാറി 6:19 ൽ വ്യക്തികളുടെ ശരീരം, "പരിശുദ്ധാത്മാവ് വസിക്കുന്ന മന്ദിരം"[21] ആണ് എന്നു പറയുന്നു. വിശ്വാസികളിൽ ദൈവം നൽകുന്ന ദാനമായ പരിശുദ്ധാത്മാവ് ക്രിസ്ത്യാനികളെയെല്ലാം യോജിപ്പിച്ച് ദൈവത്തിന്റെ മന്ദിരമാക്കുന്നു (പ്രവൃ. 2:38; ഗലാ. 4:6). വസിക്കുന്ന ആത്മാവ് ഉടമസ്ഥാവകാശത്ത സൂചിപ്പിക്കുന്നു. വ്യക്തികളായ വിശ്വാസികളയും സഭയെ മൊത്തത്തിലും "ദൈവത്തിന്റെ മന്ദിരം," അല്ലെങ്കിൽ "ആത്മാവിന്റെ മന്ദിരം" എന്നു വിളിക്കാം. ഒരു തരത്തിലും ദൈവം വസിക്കുന്ന ശരിരത്തെ വേശ്യയുടെ ശരീരവുമായി ബന്ധിപ്പിക്കാവുന്നതല്ല.

**വാക്യം 20**. സഭയിലെ ക്രിസ്ത്യാനികളുടെ പ്രവൃത്തികൾ, വ്യക്തികളായി ഓരോരുത്തരും ഒന്നുകിൽ ഭക്തിയോടെ അല്ലെങ്കിൽ, ഭക്തിരഹിതമായി ഇടപെട്ടാണ് ജീവിക്കുന്നത്. ഒരു ഇടവക ഒന്നുകിൽ ദൈവമഹത്വത്തിനായി അല്ലെങ്കിൽ ലജ്ജക്കായിട്ടായിരിക്കും പ്രവർത്തിക്കുന്നത്. വ്യക്തികളായ ക്രിസ്ത്യാനികൾ തങ്ങളുടെ സ്വഭാവത്താൽ തങ്ങളിൽ വാഴുന്ന ക്രിസ്തുവിനെ പ്രതിഫലിപ്പുക്കുക മാത്രമല്ല, മറ്റൊരു കാരണത്താലും കൂടെയാണ് "ദുർന്നടപ്പു വിട്ട് ഓടുവിൻ" എന്നു കൊരിന്തിലുള്ളവരോട് പറഞ്ഞിരിക്കുന്നത് (6:18). അവർ **വില കൊടുത്തു വാങ്ങപ്പെട്ടിരിക്കുന്നു**. അവർ താന്താങ്ങൾക്ക് ഉള്ളവരല്ല. അവരെ വാങ്ങിയ വില–നമ്മെ പോലെ–കുഞ്ഞാടിന്റെ വിലയേറിയ രക്തമാണ് (യോഹ. 1:29; 1 പത്രൊ. 1:18, 19).

ഗ്രീക്ക് റോമാ ലോകത്തെ ദൈനന്തിന ജീവിതത്തിലെ ഭാഗമായിരുന്നു അടിമത്തം. ഇന്നത്തെ വായനക്കാരേക്കാൾ പൗലൊസിന്റെ ലേഖനം ആദ്യം വായിച്ച വായനക്കാർക്ക് "വില കൊടുത്തു വാങ്ങൽ" പ്രയോഗം എളുപ്പം മനസിലാകും. കൊരിന്തിലുള്ള ചിലർ അപ്പോഴും മറ്റുള്ളവരുടെ ഉടമസ്ഥാവകാശത്തിലായിരുന്നു (7:21, 22). "നിങ്ങളെ വിലെക്ക് വാങ്ങിയിരിക്കുന്നു" എന്നതിന്റെ പശ്ചാത്തലം മനസിലാക്കേണ്ടത് അനിവാര്യമാണ്. ആകയാൽ **ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ**. എല്ലാവരും ആത്മാവ്

കൊണ്ടും ശരീരം കൊണ്ടും വിശ്വാസത്തിലും അനുസരണത്തിലും ശരിയായ ദൈവമഹത്വത്തിൽ വേണം ജീവിക്കുവാൻ.

**പ്രായോഗികത**

**ക്രിസ്ത്യാനികളും വ്യവഹാരവും**

ഭരണം, നിയമക്രമം, കോടതി വ്യവസ്ഥ എന്നിവ ഇന്നത്തേതിൽനിന്നു വ്യത്യസ്തമായിരുന്നു ഗ്രീക്ക്-റോമാ ലോകത്ത്. നിലനിന്നിരുന്നത്. പൗലൊസിനും അവന്റെ ലേഖനം ആദ്യം വായിച്ചവരും ജീവിച്ച കാലത്തിലേതുപോലെയുള്ള ആചാരമല്ല നമ്മുടെ ഈ കാലയളവിലേത്. ആകയാൽ ഇന്ന് പൗലൊസിന്റെ വാക്കുകൾ വായിക്കുന്നവർ ശ്രദ്ധയോടെ വായിക്കണം.

നിയമപരവും സാങ്കേതികവുമായ തർക്കങ്ങൾ, ഒരാൾ മറ്റൊരാളെ ചൂഷണം ചയ്യുന്നതിനാലോ, മുതലെടുപ്പു നടത്തുന്നതിനാലോ ഉണ്ടാകാം. ധാർമ്മികമായി പ്രതിരോധിക്കാവുന്നതായിരിക്കുകയില്ല ചിലപ്പോൾ നിയമപരമായത്. പണവും സ്വാധീനവുമുള്ളവർ അയൽക്കാരനുള്ളത് കൈവശപ്പെടുത്തുവാൻ ശ്രമിച്ചേക്കാം. ആഹാബ് രാജാവ് നാബോത്തിന്റെ തോട്ടം മോഹിച്ചു (1 രാജാ. 21:1, 2). നാബോത്ത് അത് വില്ക്കുവാന് തയ്യാറാകാതെ വന്നപ്പോൾ, നാബോത്തിന്റെ ഭാര്യ ഈസബെൽ നാബോത്തിനെതിരെ കള്ളസാക്ഷികൾ നിരത്തി അവനെ കല്ലെറിഞ്ഞ് കൊന്നു. അവരുടെ പാപത്തിന് അവർ വില കൊടുക്കണമെന്ന് ദൈവം രാജ ദമ്പതികളോട് പറഞ്ഞു (1 രാജാ. 21:9–23).

പിന്നീട് നല്ല ഉദ്ദേശമുണ്ടായിരുന്ന നല്ല ദമ്പതികളിലും ഇതേ ശിക്ഷ മറ്റൊരു വിധത്തിൽ അനുഭവിക്കയുണ്ടായി. രണ്ട് കക്ഷികൾക്കും തങ്ങൾ ശരിയാണെന്ന് തോന്നിയിരിക്കാം. രണ്ടു പേരും ക്രിസ്ത്യാനികളാണെങ്കിൽ, പൗലൊസ് പറയുന്നത്, അന്യോന്യം സംസാരിക്കണം, പരിഹരിച്ചില്ലെങ്കിൽ സഭയിലെ വിശ്വസ്തരായവരെ ഉൾപ്പെടുത്തി അതിനു പരിഹാരം കണ്ടെത്തണം. “നഷ്ടം ഏറ്റു കൊള്ളുന്നതാണ് നല്ലത്” എന്നാണ് പൗലൊസ് നിർദ്ദേശിച്ചത് (1 കൊ. 6:7), സഹോദരന്മാർ തമ്മിൽ തർക്കിക്കുന്നതിനേക്കാൾ നല്ലത് അതു തന്നെയാണ്. പരസ്പര യോജിപ്പ് അവർക്കു തമ്മിൽ ഉണ്ടായില്ലെങ്കിൽ, സഭയിലെ ബുദ്ധിമാന്മാരെ കാര്യം ഭരമേൽപിക്കണം എന്നതാണ് നിർദ്ദേശം. അവരുടെ വിധി രണ്ടുകൂട്ടരും ക്രിസ്തുവിന്റെ മനോഭാവത്തിൽ സ്വീകരിക്കണം.

ഒരു വിശ്വാസി അങ്ങെയറ്റം വരെ ക്ഷമിച്ചിട്ട്, നിവൃത്തിയില്ലാതെ വന്നാൽ മാത്രമെ കോടതിയിൽ പോകാവു. അത് ഏറ്റവും അവസാനത്തെ കച്ചിത്തുരുമ്പ് ആയിരിക്കണം. തർക്കത്തിലേർപ്പെട്ടവർ സഹക്രിസ്ത്യാനികളുടെ നല്ല നിർദ്ദദശവും തീരുമാനവും തള്ളിക്കളഞ്ഞാൽ, അത്തരം സന്ദർഭത്തിൽ മാത്രമാണ് പരാജയം സംഭവിക്കുന്നത് (6:7). സഭയുടെ നല്ല പേരിനേയും, സഹോദരങ്ങളുടെ തീരുമാനത്തെയും അവഗണിക്കുന്നവരെ സഭ തീർച്ചയായും അച്ചടക്കം പഠിപ്പിക്കണം.

**ലജ്ജയും മാനവും**

ലജ്ജ, കുറ്റം, മാനം, അഹംഭാവം, നല്ല മനസാക്ഷി എന്നിവ മാനസികമായി സമൂഹവുമായി ബന്ധപ്പെട്ടുള്ള സ്വഭാവമാണ്. മനശാസ്ത്രപരമായി, മറ്റൊരാളുടെ പ്രവൃത്തിയോടോ, പെരുമാറ്റത്തോടോ ഉള്ള പ്രതികരണ പ്രകടനമാണ് അഹങ്കാരമായോ അല്ലെങ്കിൽ തെറ്റായോ കാണപ്പെടുന്നത്. ഇങ്ങനെ

പ്രതികരിച്ചാൽ മറ്റെയാൾക്ക് എന്തു തോന്നുമെന്ന് അയാൾക്ക് അറിയാം. കുടുംബത്തിലുള്ളവരും സ്നേഹിതരും അതിനെ എങ്ങനെ വിലയിരുത്തുമന്നറിയുമ്പോഴാണ് ലജ്ജയും മാനവും അനുഭവപ്പെടുന്നത്. ഓരോ കാര്യത്തെയും ആളുകൾ നന്നായിട്ടാണോ മോശമായിട്ടാണോ എടുക്കുന്നത് എന്ന് ആധുനിക കാലത്തുള്ളവരുടേതും പുരാതന ഗ്രീക്ക്-റോമാ കാലത്തുള്ള വരുടേതും തമ്മിൽ വ്യത്യാസമുണ്ട്. അന്നത്തെ സാമൂഹികമായ രീതികൾ ഈ പ്രാർത്ഥനയിൽ പ്രതിഫലിപ്പിച്ചിരിക്കുന്നു, "പാപത്തിന്റെ കൈകളിലോ, അതിക്രങ്ങളുടെ കൈകളിലോ, പരീക്ഷണ കൈകളിലോ, നിന്ദാ കൈകളിലോ എന്നെ ഏൽപിക്കരുതേ."[22]

"ഞാൻ ഇതു നിങ്ങളുടെ ലജ്ജക്കായി പറയുന്നു" എന്നു അപ്പൊസ്തലൻ പറഞ്ഞപ്പോൾ (6:5), ചെറിയ ഉൾവിളി അവരെ തിരുത്തും എന്നല്ല അപ്പൊസ്തലൻ പറഞ്ഞത്. അത് പൗലൊസിനേയും ആദ്യ വായനക്കാരെയും മാത്രം ലജ്ജിപ്പിക്കുന്ന രഹസ്യകാര്യവുമായിരുന്നില്ല. പരസ്യമായതും ക്രിസ്തീയ സമൂഹത്തിനും, മറ്റു ഇടവകകൾക്കും, അവിശ്വാസികൾക്കും അറിയാവുന്ന പാപമായിരുന്നു. ഒരു സഹോദരൻ മറ്റൊരു സഹോദരന് എതിരെ കോടതിയിൽ പോകുന്നത് സഭയെ മുഴുവൻ ബാധിക്കുന്ന ഒരു സാമൂഹ്യ പ്രശ്നമായി മാറിയിരുന്നു.

രക്ഷിക്കപ്പെട്ട് ദൈവവുമായുള്ള ബന്ധത്തിൽ ജീവിക്കുന്നവരുടെ വിശ്വാസവും, മാനസികവുമായ പ്രശ്നമായിരുന്നു അത്. എങ്ങനെയായാലും, നൂറ്റാണ്ടുകളോളം ഇത്തരം പ്രശ്നങ്ങൾ ക്രിസ്തീയ മനസാക്ഷിയെ മന്ദീഭവിക്കുന്ന രീതിയിൽ അവ അറിയപ്പട്ടു. പൊതുവിൽ ചോദിച്ച ചോദ്യം, "ക്രിസ്തു നിങ്ങളുടെ സ്വന്ത രക്ഷിതാവു തന്നെയാണോ?" സഭാ ജീവിതത്തിന് അനന്തരഫലമില്ല എന്ന ചിന്ത വ്യാപിച്ചു. നേരെ മറിച്ച്, ഏക കൂട്ടായ്മയിലായിരിക്കുന്നവർ സഭയിൽ കർത്താവിനെ സേവിക്കുന്ന വിശ്വാസികളാണ് (1 കൊ. 12:12, 13). ലജ്ജ, കുറ്റം, മാനം, അഹംഭാവം, നല്ല മനസാക്ഷി എന്നിവ ക്രിസ്തീയ സമൂഹത്തിൽനിന്നും ഉത്ഭവിച്ചേക്കാം എന്നതും യാഥാർത്ഥ്യമാണ്.

### സ്വയ ഭോഗികൾ

ദൈവ രാജ്യം അവകാശമാക്കുകയില്ല എന്നു പൗലൊസ് പറഞ്ഞ ലിസ്റ്റിൽ, "സ്വയഭോഗികൾ," "പുരുഷകാമികൾ" എന്നിവരും ഉൾപ്പെടും (6:9). എൻഏഎസ്ബിയിൽ ആ വാക്ക് പുരുഷന്മാർ പുരുഷന്മാരുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്ന അർത്ഥത്തിൽ "പുരുഷകാമികൾ" എന്നു തർജിമ ചെയ്യുന്നു. തർജിമകൾ ഏതായാലും, ബൈബിൾ ദൈവശ്വാസിയമായി പ്രഖ്യാപിക്കുന്നത് സ്വവർഗരതി പാപം ആണെന്നാണ്.

ദൈവം അങ്ങനെ സൃഷ്ടിച്ചതിനാലാണ് അവർ സ്വവർഗരതിക്കാരായത് എന്നു പറഞ്ഞ് ചിലർ അതിനെ ന്യായീകരിക്കുവാൻ ശ്രമിച്ചേക്കാം. നിറം, മുടി എന്നിവയെ പോലെ കൂടെ പാർക്കുന്നവർ തമ്മിലായതിനാൽ തെറ്റാണെന്നു പറയുക സാധ്യമല്ല എന്നാണ് അവരുടെ വാദം സ്വവർഗ രതി നിറത്തെയോ മുടിയെയൊ നോക്കി തിരഞ്ഞെടുക്കുന്നതല്ല, മറിച്ച് ഓരോ വ്യക്തിയും തന്റെ ആസക്തി തീർക്കുവാൻ മറ്റൊരു ശരീരത്തെ ഉപയോഗിക്കുന്നതാണ്. ഒരു പരിശീലനം ഒരാൾ നടത്തുന്നത് അയാലുടെ താൽപര്യം അനുസരിച്ചാണ്. ശരിയായാലും, തെറ്റായാലും അതു അങ്ങനെയാണ് സംഭവിക്കുന്നത്. ഒരാൾ ജന്മനാ മോഷണ വാസനയുള്ളവനായി ജനിക്കുന്നതുകൊണ്ടാണ് മോഷ്

ടാവ് ആകുന്നത് എന്നു വെറുതെ പറയാമെന്നല്ലാതെ അയാൾ മോഷ്ടാവ് അല്ലാതുന്നില്ലല്ലോ. അതുപോലെ ഒരാൾക്ക് തന്റെ കോപം അടക്കുവാൻ കഴിയാത്തതുകൊണ്ട് ആക്രമി ആകുന്നു എന്നു ന്യായീകരിക്കുവൻ ശ്രമിച്ചാലും അത് ശരിയാകയില്ല.

സൈന്യത്തിൽ സ്വവർഗഭോഗികളാകുന്നത് അവർക്ക് അതിന് അവകാശമുള്ളതിനാലോ, അവർ അത് തിരഞ്ഞെടുക്കുന്നതിനാലോ ആണെന്ന് പറയാം. എല്ലാവരും അവരുടെ പരിശീലനം സ്വീകരിക്കണമെന്ന് പറയുവാൻ സാധ്യമല്ല. എങ്ങനെയായാലും, ഇതിനെ സംബന്ധിച്ച് വളരെ വ്യക്തമായി തന്നെ പറയുന്നു. വേർതിരിവ്, അക്രമം, എന്നിവ അവസാനിക്കാത്തതുപോലെ, സ്വവർഗഭോഗവും അവസാനിക്കാതെ തുടരുകയാണ്. ഒരു പരിശീലനം നടത്തുന്നത് പാപം ആണെന്ന് ബൈബിൾ പറയുന്നതു മനസിലായാൽ, ക്രിസ്ത്യാനി അത് ഉപേക്ഷിക്കണം. വിവാഹം ബൈബിളിൽ നടത്തുവാൻ പറയുന്നത് പുരുഷനും സ്ത്രീയും തമ്മിലാണ് (ഉല്. 2:24; മത്താ. 19:5). സ്വവർഗ ഭോഗം ഒരാളെ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിൽനിന്നു തടയുന്നു. ബൈബിൾ ഉപദേശത്തിൽ പൂർണ്ണമായി വിശ്വസിക്കുന്ന ഒരാൾക്ക് മറ്റൊരു വിധത്തിൽ ചിന്തിക്കുവാൻ സാധ്യമല്ല.

---

കുറിപ്പുകൾ

[1]ഇതിന്റെ ഒരു ഭാഗം എടുത്തിരിക്കുന്നത്, *അബണ്ടന്റ് ലൈഫ് ബൈബിൾ, ന്യൂ ലിവിങ് ട്രാൻസ്ലഷൻ*, 2ൻഡ് എഡി. (വീറ്റൺ III.: ടിൻഡേൽ ഹൗസ്പബ്ലിഷേഴ്സ്, 2004), 873. [2]വെയിൻ *ഏ. മീക്സ്, ദ ഫസ്റ്റ് അർബൻ ക്രിസ്ത്യൻസ്, ദ സോഷ്യൽ വേൾഡ് ഓഫ് ദ അപ്പൊസ്തൽ പോൾ,* 2 ൻഡ്, എഡി. (ന്യൂ ഹാവൻ, കോൺ.: യൂണിവേഴ്സ്റ്റി പ്രസ്, 2003), 129. [3]ഡേവിഡ് എഫ്. ഗാർലന്റ്, *1 കൊരിന്ത്യൻസ്,* ബേക്കർ എക്സെജെറ്റിക്കൽ കമന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ബേക്കർ അക്കാഡമിക്, 2003), 197. ഗാർലന്റ് സൈറ്റഡ് എൻഷ്യന്റ് സോഷ്സസ് ദാറ്റ് സപ്പോർട്ട് ഹിസ് ക്ലെയിംസ്. [4]സിസേറോ *എഗൈൻസ്റ്റ്വെറെസ്* 1.1.1. [5]എമിൽ സ്കുറെർ, *ദ ഹിസ്റ്ററി ഓഫ ദ ജൂവിഷ് പീപ്പിൾ ഇൻ ദ ഏജ് ഓഫ് ജീസസ് ക്രൈസ്റ്റ്*, റെവ ആന്റ് എഡി. ഗെസാ വെർമെസ്, ഫെർഗൂസ് മില്ലർ, ആന്റ് മാർടിൻ ഗുജ്മാൻ (എഡിൻബറോ:ടി & ടി, ക്ലാർക്, 1986: റീപ്രിന്റ്, ലണ്ടൻ: ബ്ലൂംസ്ബേറി, 2014), 3:119. [6]ഇബിഡ്, 3:119–20. [7]ഗോർഡൻ ഡി. ഫീ, *ദ ഫസ്റ്റ് എപിസ്റ്റിൽ ടു ദ കൊരിന്ത്യൻസ്,* ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 233. [8]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡി. റെവ. ആന്റ് എഡി. ഫ്രെഡറിക്ക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 613. [9]ഡേവിഡ് എഫ്. മാലിക്, "ദ കണ്ടംനേഷൻ ഓഫ് ഹോമോസെക്ഷാലിറ്റി ഇൻ 1 കൊരിന്ത്യൻസ്, 6:9" *ബിബിളിയോതകാ സാക്രാ* 150 (ഒക്ടോബർ–ഡിസംബർ 1993): 490. [10]സ്റ്റാൻലി ജെ. ഗ്രൻസ്, *സെക്ഷ്വൽ എതിക്സ്: ഏ ബിബിളിക്കൽ പെർസ്പെക്റ്റിവ്* (ഡാലസ്: വേർഡ് പബ്ലിഷേഴ്സ്, 1990), 206.

[11]ബെൻ വിതെറിങ്ടൻ III., *കൊൺഫ്ളിക്ട് ആന്റ് കമ്മ്യൂണിറ്റി ഇൻ കൊരിന്ത്: ഏ സോഷ്യോ-റിറ്റോറിക്കൽ കമെന്ററി ഓൺ 1 ആന്റ് 2 കൊരിന്ത്യൻസ്* (ഗ്രാന്റ് റാപ്പി

ഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻൻസ് പബ്ലിഷിങ് കമ്പനി., 1995), 166. [12]*ഐ ക്ലെമെന്റ്* 59.3. [13]മീക്സ്, 102. [14]"കഴുകലും," സ്നാനവും തമ്മിൽ ഫീ വേർതിരിച്ചിരിക്കുന്നത്, പ്രതികരണോദ്ദേശത്തിനാണ് (ഫീ 246–47), മറ്റു കാര്യങ്ങളടൊപ്പം പുതിയ നിയമ ലേഖകന്മാർ ആ പ്രിപൊസിഷൻ (എൻ) എന്നതും (എയിസ്) എന്നതും മാറി മാറി ഉപയോഗിച്ചിരിക്കുന്നു. "ാമക്കിവേര്റ്," എന്നതിനു പകം, "നാമത്തിൽ" എന്നാണ് പൗലൊസ് പറയുന്നത്. അതിൽ നിന്നും സ്നാനം മാറ്റി നിർത്തേണ ആവശ്യമില്ല. സ്നാനം, കഴുകൽ, പുനർജനനം എന്നിവ ചേർത്താണ് തിത്തൊ. 3:5 ൽ നാം നായിക്കുന്നത്. പുതിയ ജനനത്തെ കുറിച്ച് പറയുമ്പോൾ, പത്രൊസ് ഉപയോഗിച്ച സ്നാനം എന്ന വാക്കിനെ വ്യാഖ്യാതാക്കൾ പരിഗണിക്കുന്നു (1 പത്രൊ. 1:23–2:3). [15]ഇബിഡ്, 248. [16]ഇതിന്റെ ടൈറ്റിൽ എടുത്തിരിക്കുന്നത് *അബണ്ടന്റ് ലൈഫ് ബൈബിൾ, ന്യൂ ലിവിങ് ട്രാൻസ്ലേഷൻ*, 2 ൻഡ് എഡി. (വീറ്റൺ, Ill.: ടിൻഡേൽ ഹാസ് പബ്ലിഷേഴ്സ്, 2004), 873. [17]ജെയിംസ് ഡി.സി. ഡൺ, *ദ തിയോളജി ഓഫ് പോൾ ദ അപ്പോസ്തൽ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം.ബി.ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1998), 58. [18]ഗാർലന്റ്, 234. [19]"ടെസ്റ്റമെൻസ് ഓഫ് ദ ടുവെൽവ് പാട്രിയർക്ക്സ്," 5.3, ട്രാൻസ്. എച് സി. കീ. ഇൻ ജെയിംസ് എച്. ചാൾസ്വർത്, എഡി., *ദ ഓൾഡ് ടെസ്റ്റമെന്റ് സൂഡെപ്ഗ്രഫാ* (ഗാർഡൻ സിറ്റി, എന്ഡവൈ: ഡൗ ബ്ലെഡ & കമ്പനി., 1983), 1:786. [20]ജിമ്മി അലെൻ, *സർവേ ഓഫ് റോമൻസ്*, 7ത് എഡി. (സേഴ്സി, ആർക്.: ബൈ ദ ആതർ, 1994), 105.

[21]രണ്ടാം വ്യക്തിയുടെ ബഹുവചനമായ "നിങ്ങൾ" എന്ന രൂപമാണ് പൗലൊസ് ഉപയോഗിച്ചിരിക്കുന്നതെങ്കിൽ ഇത് സത്യമാണ്. കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്കെല്ലാം പൊതുവിൽ ബാധകമായത് വ്യക്തിപരമായും ബാധകമാണ്. [22]താൽമുദ് *ബെരാക്കാത്* 60 ബി.